
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

നോമ്പ് ഉയിർപ്പ് ലക്കം 2012



ഈസ്റ്റർ ആശംസകൾ



ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ




## ആദരണീയനായ സഭാസ്നേഹി

പിതാവ് തന്റെ മെത്രാഭിഷേക വാർഷികദിനത്തിൽ പറഞ്ഞു: "എനിക്കു സ്വന്തമെന്നു പറയാനുള്ളത് മെത്രാനായി അഭിഷേചിച്ചപ്പോൾ തിരുസ്സഭ തന്നെ അണിയിച്ച മോതിരമാണ്. ഈ മോതിരം സഭ തന്നെ വധുവാക്കിയതിന്റെ വിവാഹമോതിരമാണ്" എന്ന്. സഭയിൽ, തന്റെ പൗരോഹിത്യ മെത്രാൻ ദൗത്യങ്ങളിൽ നിരവധിയായ പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവന്നപ്പോഴും സഭയെപ്പറ്റിയോ സഭാധികാരികളെപ്പറ്റിയോ ഒരിക്കൽപോലും സ്നേഹാദരവില്ലാതെ സംസാരിച്ചിട്ടില്ല. സഭയുടെ വേദനയും അസ്വസ്ഥതയുമെല്ലാം സ്വന്തം വേദനയും അസ്വസ്ഥതയുമായി തീരുകയായിരുന്നു. രോഗാധിക്യത്താൽ ക്ഷീണിതനായി കണ്ണുകൾ തുറക്കുവാനോ, നാവ് ചലിപ്പിക്കുവാനോ, ചുണ്ട് അനക്കുവാനോ ശക്തിയില്ലാതായപ്പോഴും തന്റെ സഭാജീവിതത്തിലും പൗരോഹിത്യ ജീവിതത്തിലും വിശ്വസ്തതാപൂർവ്വം അനുധാവനം ചെയ്ത കാനോനനമസ്കാര പുസ്തകം തന്റെ മാറോട് ചേർത്തുപിടിച്ചു കിടക്കുന്ന കാഴ്ച സഭയോടുള്ള ഒട്ടിച്ചേരലിനെയാണ് അനുസ്മരിപ്പിക്കുന്നത്. ആരാധനക്രമാധിഷ്ഠിത ജീവിതം പിതാവിന്റെ ജീവിത ശൈലിയായിരുന്നു. വിവിധ സഭയുടെ പ്രത്യേകിച്ച് സീറോ മലബാർ സഭയുടെ ആരാധനക്രമവും ആധ്യാത്മികചൈതന്യവും പഠിക്കുവാനും മനസ്സിലാക്കുവാനും പിതാവ് താല്പര്യം കാണിച്ചിരുന്നു.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ






വാല്യം 29 നോമ്പ് -ഉയിർപ്പ് ലക്കം 2012


**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).**

## ഉള്ളടക്കം


- പാദം കഴുകുന്ന സ്നേഹം 3
- പരി. കുർബാന വിവിധ പേരുകൾ 6
- തിരുവചനം ഒരു സ്വരമല്ല മുഖമാണ് 9
- സൃഷ്ടികളിൽനിന്നും സ്രഷ്ടാവിലേക്ക് 11
- ഞങ്ങൾക്കിങ്ങനെ ഒരു മകളില്ല 14
- മകളെ നിനക്കായി 16
- ഈ പ്രാർത്ഥന നിർത്തുക 19
- മാറ്റുരച്ചീടും സഹനം 21
- എല്ലാം നന്മയ്ക്കായ് 22
- വിജയ കിരീടം ഉറപ്പ് 24
- പാവകളിയുടെ നാട് 27
- മരണാനന്തരം 30



സ്പിരിച്ച്വൽ ഡയറക്ടർ:
**റവ. ഫാ. മാത്യു വെള്ളാനിക്കൽ**

ചീഫ് എഡിറ്റർ:
**ഷിനി മുതുപ്ലാക്കൽ എ.ഒ.**

എഡിറ്റോറിയൽ ബോർഡ്:
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**
**ഷീലമ്മ പൂതക്കുഴി എ.ഒ**

അഡ്വൈസറി ബോർഡ്:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

സർക്കുലേഷൻ മാനേജർ:
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**



**വാർഷിക വരിസംഖ്യ -50/-**

കവർ ഡിസൈനിംഗ്:
**ഡോളി A.O.**

ലേഔട്ട് & പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.,**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**



## എഡിറ്റോറിയൽ

# പാദം കഴുകേണ്ടവർ

**കു**രിശിലെ ദാരുണമരണത്തിലൂടെ മഹത്ത്വത്തിലേക്കു പ്രവേശിച്ച ഈശോ അന്ത്യത്താഴത്തിൽ തന്റെ മരണം പ്രതീകാത്മകമായി അവതരിപ്പിച്ചു. അന്ത്യത്താഴത്തിൽ അവിടുന്ന് പകുത്തേകിയത് സ്വന്തം ജീവനാണ്. സ്വജീവൻ നഷ്ടപ്പെടുത്തിയാണ് അവിടുന്ന് ജീവനായതും ജീവനേകിയതും. നാമേവരും പിന്തുടരേണ്ട സ്നേഹത്തിന്റെ മാതൃകയും അവിടുന്ന് ചെയ്തു കാണിച്ചു. ഒറ്റിക്കൊടുക്കാനിരുന്നവന്റെയും ഓടിപ്പോകാനിരിക്കുന്നവരുടെയും തള്ളിപ്പറയാനിരിക്കുന്നവന്റെയുമൊക്കെ പാദങ്ങൾ ഈശോ കഴുകി. ക്ഷമയുടെയും സ്നേഹത്തിന്റെയും എളിമയുടെയും വലിയ മാതൃക നല്കിയ അവിടുന്ന് അരുളിച്ചെയ്തു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13,35).

**പ**ക്ഷേ, ഇന്ന് കാലുകഴുകലിന്റെയല്ല, കാലുവാരലിന്റെ കാഴ്ചയാണ് എവിടെയുമുള്ളത്. ക്ഷമ, സ്നേഹം തുടങ്ങിയ പദങ്ങൾ അർത്ഥരഹിതമായിത്തീരുന്ന കാഴ്ച. സ്വജീവൻ കൊടുത്ത് സ്നേഹിക്കേണ്ടവർ കാപാലികരാകുന്ന കാഴ്ച. കള്ളും കള്ളപ്പണവും സമൂഹത്തിൽ നടമാടുന്ന കാഴ്ച. കാലുവാരിയും കൊലചെയ്തും കള്ളത്തരത്തിനു കൂട്ടുനിന്നും കീശ വീർപ്പിക്കുന്ന കാഴ്ച. ഒരുവശത്ത് കാരുണ്യപ്രവൃത്തികൾ ചെയ്തുകൂട്ടി കർത്താവിന്റെ കണ്ണിൽ കളിമണ്ണിട്ട്, മറുവശത്ത് സ്വന്തം കാര്യങ്ങൾ നേടിയെടുക്കാൻ മോഹിക്കുന്ന കാവലാൾക്കാരുടെ കാഴ്ച. കൂലിപ്പണിചെയ്തുകിട്ടുന്ന കാശുമൊത്തം കവലയ്ക്കിറങ്ങി വീശിയടിച്ച് നശിപ്പിച്ച് കാലിക്കുപ്പിയുംകൊണ്ട് കുടുംബത്തിൽചെന്നു കയറുന്ന കണവന്മാരുടെ കാഴ്ച. കട്ടൻകാപ്പിയെങ്കിലും കുടിക്കാൻ കിട്ടിയാൽ കൊള്ളാമായിരുന്നു എന്ന മോഹത്തോടെ തന്റെ വരവും കാത്ത് കണ്ണുനട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ മുമ്പിലേക്ക് കള്ളിന്റെ ഗന്ധവുംപേറി പൂരപ്പാട്ടിന്റെ അകമ്പടിയോടെ കടന്നുചെല്ലുന്ന കാരണവന്മാരുടെ കാഴ്ച. ഇവരൊക്കെ മറ്റുള്ളവരുടെ ജീവിതത്തിന്റെ മാത്രമല്ല, സ്വന്തം ജീവിതത്തിന്റെയും കടയ്ക്കൽ കോടാലി വച്ചിരിക്കുകയാണെന്നു മനസ്സിലാക്കാൻ ഈ കാലഘട്ടം മതിയാകുമോ...? അങ്ങിങ്ങ് മിന്നുന്ന നന്മയുടെ മിന്നാമിനുങ്ങുകൾ തിന്മയുടെ ലോകത്തിന് വഴിവിളക്കാകുമോ...?

**സ**ഹോദരങ്ങളുടെയിടയിലും സമൂഹത്തിലും സൗഹൃദങ്ങൾക്കിടയിലുമൊക്കെ പാദം കഴുകേണ്ട അവസരങ്ങൾ പലവട്ടമുണ്ടാകും. ക്ഷമാപൂർവ്വം സഹിച്ച്, ആ അവസരങ്ങളെയും വ്യക്തികളെയും സ്നേഹിച്ചാൽ മാത്രമേ നമ്മുടെ പ്രവൃത്തികൾ രക്ഷാകരമാകൂ. ശൂന്യമാക്കലിലൂടെയും മരണത്തിലൂടെയും കടന്നുപോകുന്നവർക്കുമാത്രമേ ഉത്ഥാനത്തിന്റെ സന്തോഷമനുഭവിക്കുവാനും മഹത്ത്വത്തിന്റെ കിരീടമണിയുവാനും സാധിക്കൂ. ഉത്ഥിതൻ നമ്മെ അതിനനുവദിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ...

**ഷിനി മുതുപ്ലാക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സെനക്കിൾ ആദ്ധ്യാത്മികത - 5



# പാദം കഴുകുന്ന സ്നേഹം

ഡോ. മാത്യു വെള്ളാനിക്കൽ

സെനക്കിളിൽ അന്ത്യത്താഴത്തിന് ഈശോ തുടക്കംകുറിക്കുന്നത് സ്വശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ടാണ്. പ്രത്യക്ഷത്തിൽ എളിമയുടെയോ സേവനത്തിന്റെയോ ഒരു ബാഹ്യ അടയാളമാണതെന്നു തോന്നാം. പക്ഷേ, അത് കൂടുതൽ ആഴമായ ഒരർത്ഥം ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹം വെളിപ്പെടുത്തപ്പെട്ട ഈശോയുടെ മരണത്തിന്റെ ഒരടയാളമായിരുന്നു അത്. ഈശോ തന്റെ ആസന്നമായ മരണത്തെ മുൻകൂട്ടി പ്രഖ്യാപിച്ച ഒരു പ്രവാചകപ്രവൃത്തിയായിരുന്നു അത്. “ഞാൻ ചെയ്യുന്നതെന്താണെന്ന് ഇപ്പോൾ നീ അറിയുന്നില്ല. എന്നാൽ പിന്നീട് നിനക്കു മനസ്സിലായിക്കൊള്ളും” എന്ന് ഈശോ പത്രോസിനോട് പറഞ്ഞ വാക്കുകൾ ഇത് സൂചിപ്പിക്കുന്നുണ്ട് (യോഹ 13,6-7).

**ദൈവത്തിന്റെ രക്ഷാകരസ്നേഹം**

ഈശോയുടെ മരണം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ ദൈവം മനുഷ്യനെ രക്ഷിക്കുന്നത് തന്റെ സ്നേഹം വെളിപ്പെടുത്തിക്കൊണ്ടാണ്. പാപത്തിലൂടെ തന്റെ സ്നേഹത്തിൽനിന്നും അകന്നുപോയ മനുഷ്യനെ, തന്റെ സ്നേഹം വെളിപ്പെടുത്തി, പാപത്തിൽനിന്നും വീണ്ടെടുക്കുവാൻ ദൈവം നിശ്ചയിച്ചു. അതിനുവേണ്ടിയാണ് തന്റെ പുത്രനെ പിതാവായ ദൈവം ലോകത്തിലേക്ക് യാത്രയാക്കിയത്. തന്റെ പുത്രനിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവപിതാവിന്റെ സ്നേഹം മനസ്സിലാക്കി ആ സ്നേഹത്തിൽ വിശ്വസിച്ച്, ആ സ്നേഹത്തിനു പ്രതി

സ്നേഹം നല്കി മനുഷ്യൻ രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹിച്ചു: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). ദൈവത്തിന്റെ ഈ രക്ഷാകരസ്നേഹത്തിന്റെ സ്വഭാവം മനസ്സിലാക്കി അതിനനുസൃതമായി പ്രതിസ്നേഹം കൊടുക്കുവാൻ നമുക്കു സാധിക്കണം. അതിന് സഹായകമാണ് സെനക്കിൾ വേദി. തന്റെ ശിഷ്യരുടെ പാദം കഴുകുന്ന ഈശോയുടെ സ്നേഹത്തിൽ ദൈവത്തിന്റെ സ്നേഹം പ്രതിഫലിക്കുന്നു.

**നിലയ്ക്കാത്ത സ്നേഹം**

പിതാവായ ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ സവിശേഷത അത് നിലയ്ക്കാത്ത സ്നേഹമാണെന്നുള്ളതാണ്. ഈശോ പത്രോസിന്റെയും യോഹന്നാന്റെയും പാദങ്ങൾ കഴുകിയതുപോലെതന്നെ യൂദാസിന്റെയും പാദങ്ങൾ കഴുകുന്നു. യൂദാസ് വിശ്വസിക്കാതെ കൂടെ നടന്ന ഒരു ശിഷ്യനാണ് (യോഹ 6,64). അതുപോലെതന്നെ കള്ളനും പണസഞ്ചിയിൽനിന്നും മോഷ്ടിക്കുന്നവനുമായിരുന്നു (യോഹ 12,6). ഇതിനെല്ലാം പുറമേ ഈശോയെ ഒറ്റിക്കൊടുക്കുവാൻ തീരുമാനമെടുത്തിരുന്നവനുമാണ്. എങ്കിലും ഈശോയ്ക്ക് യൂദാസിനോടുള്ള സ്നേഹത്തിന് മാറ്റമൊന്നും വന്നില്ല. ഇത് ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രതിഫലനമാണ്. പഴയനിയമത്തിൽ വ്യക്തമാക്കുന്നതുപോലെ നിലയ്ക്കാത്ത സ്നേഹത്തിന്റെയും (ഹെസദ്), അചഞ്ചലമായ വിശ്വസ്തതയുടെയും (എമ്മത്) ഉടമയായ ദൈവത്തിന്റെ സ്നേഹംതന്നെയാണ് ഈശോയിലൂടെ സെനക്കിളിൽ വെളിപ്പെട്ടത്.



**നിരുപാധികമായ സ്നേഹം**

മാനുഷികമായ സ്നേഹം പലതരത്തിലുള്ള വ്യവസ്ഥകൾക്കധീനമാണ്. ഉദാഹരണമായി, ഒരു വ്യക്തി മറ്റൊരു വ്യക്തിയെ സ്നേഹിക്കുമ്പോൾ ആ വ്യക്തിയിലുള്ള നന്മകൾ, കഴിവുകൾ, ഗുണഗണങ്ങൾ തുടങ്ങിയവയെല്ലാം ആ സ്നേഹത്തിന് നിദാനമായിത്തീരാറുണ്ട്. അതുപോലെതന്നെ സ്നേഹിക്കുന്ന വ്യക്തിയിൽനിന്നും അതിനനുസൃതമായ പ്രത്യുത്തരം ലഭിക്കാതെവന്നാൽ ആ സ്നേഹം നിലനില്ക്കാറില്ല. സെനക്കിളിൽ ഈശോ ഉപാധികളൊന്നും കൂടാതെ തനിക്ക് പിതാവു നല്കിയ എല്ലാ ശിഷ്യന്മാരുടെയും പാദങ്ങൾ കഴുകി അവരെ സ്നേഹിക്കുന്നു. ദുഷ്ടരുടെയും ശിഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹമാണ് (മത്താ 5,45) ഈശോയുടെ സ്നേഹത്തിൽ പ്രതിഫലിക്കുന്നത്.

**കരുണാർദ്രമായ സ്നേഹം**

"തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കം അവരുടെയിടയിൽ ഉണ്ടായി'' (ലൂക്കാ 22,24). സ്വയം വലുതാകാനുള്ള മനുഷ്യപ്രകൃതിയുടെ ബലഹീനത സെനക്കിളിൽ ശിഷ്യന്മാർക്ക് അനുഭവപ്പെട്ടു. പാദം കഴുകാനുള്ള വെള്ളം ആര്, ആർക്ക് ഒഴിച്ചുകൊടുക്കണം എന്ന ചിന്തയാവാം ഈ ബലഹീനത വെളിവാക്കുവാൻ വഴിതെളിച്ചത്. ആ സന്ദർഭത്തിൽ ഈശോയ്ക്ക് തന്റെ ശിഷ്യന്മാരുടെമേൽ കരുണതോന്നുകയും അവിടുന്ന് സ്വയം ശൂന്യ


നാക്കി അവരുടെ പാദങ്ങൾ കഴുകുകയും ചെയ്തു. പാപികളോടുള്ള ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ഇവിടെ സംഭവിക്കുക. ദൈവത്തിന്റെ പരിപൂർണ്ണത അവിടുത്തെ കരുണയിലാണെന്ന് ലൂക്കാസുവിശേഷകൻ എടുത്തു പറയുന്നുണ്ട്: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36).

**ക്ഷമിക്കുന്ന സ്നേഹം**

തന്നെ ഒറ്റിക്കൊടുക്കുവാൻ തീരുമാനിച്ചുറപ്പിച്ച യൂദാസിന്റെ പാദങ്ങളും ഈശോ കഴുകി. ഒരു മനുഷ്യനെന്ന നിലയിൽ യൂദാസിനെ സ്നേഹിക്കുവാനും യൂദാസിന്റെ മുമ്പിൽ എളിമപ്പെട്ട് അവന്റെ പാദങ്ങൾ കൈയിലെടുത്ത് കഴുകുവാനും ഈശോയ്ക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരിക്കും. തന്റെ മനോവേദനയുടെ കണ്ണീർക്കണങ്ങൾ അലിഞ്ഞുചേർന്ന വെള്ളം കൊണ്ടായിരുന്നിരിക്കണം ഈശോ യൂദാസിന്റെ പാദങ്ങൾ കഴുകിയത്. പാപികളെ തേടി വന്ന് അവർക്ക് പാപമോചനം നല്കുന്ന ഈശോയുടെ ക്ഷമിക്കുന്ന സ്നേഹത്തിന് പരിമിതിയില്ല. മാപ്പുചോദിക്കാൻ കാത്തിരിക്കാതെപോലും മാപ്പു നല്കുന്ന കരുണാവാരിധിയാണ് അവിടുന്ന്. പീഡകന്മാർ എല്ലാവിധ നിന്ദനങ്ങൾക്കും പീഡനങ്ങൾക്കും പാത്രീഭൂതനാക്കിയശേഷം തന്നെ കുരിശിൽ തറച്ച് ആകാശത്തിന്റെയും ഭൂമിയുടെയും മദ്ധ്യത്തിൽ ഉയർത്തിനിർത്തിയവേളയിലും, "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ" (ലൂക്കാ 23,34) എന്ന് അവിടുന്ന് പ്രാർത്ഥിക്കുന്നു. പാപികളോടുള്ള ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹമാണ് ഇവിടെ വെളിപ്പെടുന്നത്.


**പരസ്പരം പാദങ്ങൾ കഴുകുന്ന പ്രതിസ്നേഹം**

ശിഷ്യരുടെ പാദങ്ങൾ കഴുകി മനുഷ്യരോടുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹം വെളിപ്പെടുത്തിയ ഈശോ ആവശ്യപ്പെടുന്ന പ്രതിസ്നേഹം പരസ്പരം പാദങ്ങൾ കഴുകുന്ന സ്നേഹമാണ്: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകി



യെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ 13,14). ദൈവം നമുക്കു നല്കുന്ന സ്നേഹം സ്വീകരിച്ച് ആ സ്നേഹം പരസ്പരം പങ്കുവച്ചുകൊണ്ടാണ് ദൈവത്തിന്റെ ഈ സ്നേഹത്തിന് നാം പ്രത്യുത്തരം നല്കേണ്ടത്. നമ്മുടെ സഹോദരസ്നേഹത്തിന് ഈശോയിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ സവിശേഷതകൾ ഉണ്ടെന്ന് നാം ഉറപ്പുവരുത്തണം. അപ്പോൾ യഥാർത്ഥ ദൈവസ്നേഹവും യഥാർത്ഥ പരസ്നേഹവും നമ്മിലുണ്ടെന്ന് നമുക്ക് ഉറപ്പു പറയാൻ കഴിയും. യഥാർത്ഥ ദൈവസ്നേഹവും യഥാർത്ഥ പരസ്നേഹവും ഒന്നിച്ചാണ് പ്രവർത്തിക്കുന്നത്. യോഹന്നാൻശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന്, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല" (1 യോഹ 4,20).

*ദൈവം നമുക്കു നല്കുന്ന സ്നേഹം സ്വീകരിച്ച് ആ സ്നേഹം പരസ്പരം പങ്കുവച്ചുകൊണ്ടാണ് ദൈവത്തിന്റെ ഈ സ്നേഹത്തിന് നാം പ്രത്യുത്തരം നല്കേണ്ടത്. നമ്മുടെ സഹോദര സ്നേഹത്തിന് ഈശോയിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ സവിശേഷതകൾ ഉണ്ടെന്ന് നാം ഉറപ്പുവരുത്തണം.*




വിവിധ പേരുകളിലാണ് പരി. കുർബാന അറിയപ്പെടുന്നത്. എല്ലാ പേരുകളും ഈ കൂദാശയുടെ ഏതെങ്കിലുമൊരു സവിശേഷഭാവം എടുത്തുകാട്ടുന്നു. പരി. കുർബാനയുടെ അർത്ഥവ്യാപ്തിയാണ് ഇത് വ്യക്തമാക്കുക.

**1. യൂക്കരിസ്റ്റ്**

"ഓയ്ക്കരിസ്തെയോ" എന്ന ഗ്രീക്കുപദത്തിൽനിന്നാണ് യൂക്കരിസ്റ്റ് എന്ന ആംഗലേയപദം രൂപപ്പെട്ടത്. ഈ വാക്കിന്റെ അർത്ഥം 'കൃതജ്ഞതാപ്രകടനം' എന്നാണ്. 'ഓയ്ക്കരിസ്തെയോ' എന്ന പദം 38 തവണ പുതിയ നിയമത്തിൽ ദൃശ്യമാണ്. ചില വാക്യങ്ങൾ ഒഴിച്ച് മറ്റെല്ലായിടത്തും ദൈവത്തിനു നല്കുന്ന കൃതജ്ഞതാപ്രകാശനത്തെയാണ് ഇത് സൂചിപ്പിക്കുക. 'മേശ വാഴ്ത്തൽ' എന്ന പ്രത്യേക അർത്ഥത്തിലും ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

**2. കർത്താവിന്റെ അത്താഴം**

പരി. കുർബാനയ്ക്ക് അന്ത്യത്താഴവുമായുള്ള ബന്ധം വ്യക്തമാക്കുന്ന പദമാണിത്. കൂടാതെ, സ്വർഗ്ഗീയ ജറുസലേമിലെ കുഞ്ഞാടിന്റെ വിവാഹവിരുന്നിന്റെ മുന്നാസ്വാദനമാണ് പരിശുദ്ധ കുർബാന. 1 കോറി 11,20 ൽ 'കർത്താവിന്റെ അത്താഴം' എന്ന പരാമർശനം കാണാവുന്നതാണ്.

**3. അപ്പംമുറിക്കൽ**

പരി. കുർബാനയിൽ ഈശോ അപ്പം മുറിച്ചു നല്കിയ കർമ്മം ആവർത്തിക്കപ്പെടുന്നു. യഹൂദ അത്താഴവേളയിലെന്നപോലെ ഈശോ അപ്പം മുറിച്ച് ശിഷ്യർക്ക് നല്കി. അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെയാണ് എമ്മാവൂസിലേക്കു പോയ ശിഷ്യർ ഈശോയെ തിരിച്ചറിഞ്ഞത് (ലൂക്കാ 24,31-31). ശ്ലീഹന്മാരുടെ നടപടിയിലെ വിവരണമനുസരിച്ച് ആദിമസഭാസമൂഹം അപ്പം മുറിക്കൽ ശുശ്രൂഷയിൽ ആവേശത്തോടെ പങ്കുചേർന്നിരുന്നു (നട 2,42.46; 20,7.11). അപ്പം മുറിക്കൽ പരി. കുർബാനയുടെ ആഘോഷത്തെ മുഴുവനും സൂചിപ്പിക്കുന്നു. മിശിഹായുടെ മരണത്തെയാണ് അപ്പം മുറിക്കൽ പ്രധാനമായും സൂചിപ്പിക്കുക.

**4. വിശുദ്ധ ബലി**

കർത്താവിന്റെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണമെന്ന നിലയിൽ ഇതു വിശുദ്ധ ബലിയാണ്. ഈശോയുടെ മരണത്തിന്റെ ബലിപരമായ മാനം ഹെബ്രായർക്കുള്ള ലേഖനം വ്യക്തമാക്കുന്നു. പുതിയ ഉടമ്പടിയിലെ പാപപരിഹാരാർത്ഥമുള്ള രക്തം ഈശോയുടേതാണ്. വരാനിരിക്കുന്ന നന്മകളുടെ നിഴൽ മാത്രമായിരുന്ന ബലികൾ പഴയനിയമകാലത്ത് ആണ്ടുതോറും ആവർത്തിക്കപ്പെട്ടിരുന്നു. എന്നാൽ പ്രവചനങ്ങളുടെ പൂർത്തീകരണമെന്നപോലെ

പിതൃഹിതം നിറവേറ്റിക്കൊണ്ട് ഈശോമിശിഹാ എന്നേയ്ക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടു. അതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (ഹെബ്രാ 9,10). മിശിഹായുടെ ബലി എന്നേക്കുമുള്ള ബലിയർപ്പണമാണെന്നു ലേഖനകർത്താവ് (9,12) ആവർത്തിക്കുന്നു. പരി. കുർബാനയിലെ സ്ഥാപനവാക്യങ്ങൾ അതിന്റെ ബലിമാനം വ്യക്തമാക്കുന്നുണ്ട്.

**5. വിശുദ്ധവും ദൈവികവുമായ ആരാധന**

'ലാത്രിയ' എന്ന ഗ്രീക്കു പദമാണ് ആരാധന എന്നതിന്റെ അടിസ്ഥാനമായി വി. ഗ്രന്ഥത്തിൽ നാം കാണുക. പുതിയനിയമത്തിൽ ആരാധന എന്ന പദം ദൈവാരാധനയോടു ബന്ധപ്പെടുത്തിയാണ് ഉപയോഗിച്ചിരിക്കുന്നത് (നട 7,42; റോമ 1,25; ഹെബ്രാ 8,5). ഈ ദൈവാരാധന ആത്മാവിലും സത്യത്തിലുമായിരിക്കണമെന്ന് ഈശോ പഠിപ്പിച്ചു (യോഹ 4,24). ആരാധന ശുശ്രൂഷയാണ്, സ്തുതിപ്പാണ്. അത് അനുഷ്ഠാനബന്ധിതവുമാണ്. പരി. കുർബാന ഇത്തരത്തിൽ ഏറ്റവും ശ്രേഷ്ഠമായ ആരാധനയാണ്. കാരണം പുത്രനായ ഈശോ പിതാവിന്റെ ഹിതം പൂർത്തീകരിക്കുന്നതിനായി നടത്തിയ ശുശ്രൂഷയാണല്ലോ അവിടുന്നിൽ പൂർണ്ണമാക്കപ്പെട്ട രക്ഷാകരപദ്ധതി. ഈ രക്ഷാകരപദ്ധതി അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും പരിശുദ്ധ കുർബാനയിൽ അവതരിപ്പിക്കപ്പെടുന്നു. മിശിഹായുടെ രക്ഷാകരപദ്ധതിയിൽ പരി. കുർബാനയിലൂടെ ആരാധനാസമൂഹം പങ്കുചേരുന്നു. അത്തരത്തിൽ ഇത് ദൈവതിരുമുമ്പിലുള്ള ശുശ്രൂഷയാണ്. അത് ആരാധനയാണ്.



**6. ദിവ്യരഹസ്യങ്ങൾ**

പൗരസ്ത്യസഭകളിൽ ഏറെ പ്രചാരമുള്ള പ്രയോഗമാണ് ദിവ്യരഹസ്യങ്ങൾ എന്നത്. സീറോ മലബാർ സഭയുടെ ഏറ്റവും ആഘോഷപൂർവ്വമായ കുർബാനയർപ്പണരീതി റാസ (രഹസ്യം) എന്നു തന്നെയാണല്ലോ അറിയപ്പെടുക. ആദിമസഭയിൽ കൂദാശകൾ എന്ന പദം ഉരുത്തിരിയുന്നതിനുമുമ്പ് എല്ലാ കർമ്മാനുഷ്ഠാനങ്ങളും ദിവ്യരഹസ്യങ്ങൾ എന്നറിയപ്പെട്ടിരുന്നു. രഹസ്യം എന്ന പദം 'മറഞ്ഞിരിക്കുന്നത്', 'അറിയാൻ കഴിയാത്തത്', 'നിഗൂഢമായിരിക്കുന്നത്' എന്നീ അർത്ഥങ്ങളിലാണ് സാധാരണ മനസ്സിലാക്കുക. വി. ഗ്രന്ഥത്തിലാകട്ടെ, ദൈവം തിരഞ്ഞെടുക്കുന്ന സമൂഹത്തിനോ വ്യക്തിക്കോ വെളിപ്പെടുത്തി കൊടുക്കുന്ന ദൈവികയാഥാർത്ഥ്യങ്ങൾ എന്ന അർത്ഥമാണ് ഈ പദത്തിനുള്ളത്. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ ദൈവത്തെയും ഈശോയെയും സുവിശേഷത്തെയും രഹസ്യം എന്നു വിശേഷിപ്പിച്ചിരിക്കുന്നു. മിശിഹായിൽ പൂർത്തിയാക്കപ്പെട്ട പദ്ധതിയെയാണ് വചനത്തിന്റെ വെളിച്ചത്തിൽ സഭാപിതാക്കന്മാർ രഹസ്യം എന്നു വിശേഷിപ്പിക്കുക. മിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാപദ്ധതി - അവിടുത്തെ ജനനം, ജീവിതം, പീഡാനുഭവം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം - ഇന്ന് അനാവരണം ചെയ്യപ്പെടുന്ന കർമ്മങ്ങളും രഹസ്യമെന്നറിയപ്പെടുന്നു. ഈ അർത്ഥത്തിൽ പരിശുദ്ധ കുർബാന ഏറ്റവും വലിയ രഹസ്യമാണ്. അവിടെ മേൽപറഞ്ഞ സംഭവങ്ങളെല്ലാം പ്രതീകങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുന്നു.

**7. ഏറ്റവും വിശുദ്ധ കൂദാശ**

വി. കുർബാന കൂദാശകളുടെ കൂദാശ എന്നാണ് അറിയപ്പെടുക. പരിശുദ്ധ കുർബാന എന്ന കൂദാശ അൾത്താരയിൽ അർപ്പിക്കപ്പെടുന്ന ദിവ്യരഹ

സ്യങ്ങളുടെ ആഘോഷമാണ്. ആരാധനക്രമ ത്തെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ പരി. കുർബാന യുടെ അനന്യ തയെപ്പറ്റി പ്രസ്താവിക്കുന്നുണ്ട് (നം.10). മറ്റെല്ലാ കൂദാശകളും പരി. കുർബാനയിലേക്ക് ദൈവജനത്തെ നയിക്കുന്നതോ, അതിനോട് അഭേദ്യമാംവിധം ബന്ധിതമായിരിക്കുന്നതോ ആണ്.

**8. വിശുദ്ധ ഐക്യം**

പരി. കുർബാനയിലൂടെ മിശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളായ സഭാതന യർ ഒന്നാക്കപ്പെടുകയും അവർ മിശിഹായു മായി ഐക്യപ്പെടുകയും ചെയ്യുന്നു. പരി. കുർബാനയുടെ പ്രാർത്ഥനകളിൽ ഇതു വ്യക്ത മാണ്. ആരംഭം മുതൽ തന്നെ പരി. കുർബാന സാഹോദര്യത്തിന്റെ, കൂട്ടായ്മയുടെ പ്രകാശ നമായിരുന്നു. ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഐക്യത്തെയും അവർക്കു പരസ്പരമുള്ള ബന്ധത്തെയും അവരും മിശിഹായും തമ്മി ലുള്ള ബന്ധത്തെയും ഇതു സൂചിപ്പിക്കുന്നു.

**9. ദ ഹോളി മാസ്**

ലത്തീൻസഭയാണ് ഈ പേര് ഉപയോ ഗിക്കുന്നത്. പരി. കുർബാന വിശ്വാസികളുടെ



> *പരി. കുർബാനയിലൂടെ മിശിഹായുടെ മൗതികശരീരത്തിന്റെ അംഗങ്ങളായ സഭാതനയർ ഒന്നാക്കപ്പെടുകയും അവർ മിശിഹായുമായി ഐക്യപ്പെടു കയും ചെയ്യുന്നു.*

പ്രേഷിതചൈതന്യത്തെ ഉത്തേജിപ്പിക്കുന്നു എന്ന് ഈ പേര് വ്യക്തമാക്കുന്നു. പരി. കുർബാ നയും ജീവിതവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുവാൻ ഉതകുന്നതാണ് ഈ പദം.

**10. പരിശുദ്ധ കുർബാന**

കേരളത്തിൽ പൗരസ്ത്യ സുറിയാനി സഭ കുർബാന എന്ന് കൂദാശകളുടെ കൂദാശയെ വിളിക്കുന്നു. 'അർപ്പിക്കുക', 'അടുപ്പിക്കുക' എന്നൊക്കെ അർത്ഥമുള്ള 'ക്റെവ്' അല്ലെങ്കിൽ 'ക്റവ്' എന്ന സുറിയാനിപദത്തിൽനിന്നാണ് ഇത് ഉത്ഭവിച്ചത്. ബലിയർപ്പണം, കാഴ്ചയർപ്പി ക്കൽ, ബലി, ദാനം എന്നീ അർത്ഥങ്ങളും ഇതിനു കൈവന്നു. ഈശോ തന്നെത്തന്നെ ബലിയായി അർപ്പിച്ചതിന്റെ അനുസ്മരണ മാണ് പരി. കുർബാന. പരി. കുർബാനയെക്കു റിച്ചുള്ള ദൈവശാസ്ത്രവീക്ഷണം, പ്രത്യേകിച്ച് ഹെബ്രായലേഖനത്തിന്റെ വെളിച്ചത്തിൽ, ഏറ്റവും ഉൾക്കൊള്ളുന്ന പദമാണ് കുർബാന. പിതൃസന്നിധിയിൽ എന്നേയ്ക്കുമായി പുത്രൻ നടത്തിയ സമർപ്പണമാണ് പരി. കുർബാന യിൽ അനുസ്മരിക്കുക.

**11.** വിശുദ്ധ വസ്തുക്കൾ, മാലാഖമാരുടെ അപ്പം, സ്വർഗ്ഗീയ അപ്പം, അമർത്യതയുടെ ഔഷധം, തിരുപ്പാഥേയം, ദിവ്യകാരുണ്യം എന്നീ വിശേഷണങ്ങളിലും പരി. കുർബാന അറിയപ്പെടുന്നുണ്ട്. എന്നാൽ ഇവയെല്ലാം പരി. കുർബാനയുടെ പേര് എന്നതിനെക്കാൾ അതി നുള്ള വിശേഷണങ്ങൾ എന്ന നിലയിലാണ് ഉപയോഗിക്കുന്നത്.

അവലംബം:
*കൂദാശകൾ കൃപാവരത്തിന്റെ രഹസ്യങ്ങൾ*

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**




ഡോ. ജോസഫ് റോബി
ആലഞ്ചേരി

തിരുവചനത്തിന്റെ സമഗ്രമേഖലകളെയും അപഗ്രഥിക്കുന്ന ഒരു സമ്പൂർണപ്രബോധനമാണ് "കർത്താവിന്റെ വചനം" എന്ന ശ്ലൈഹിക ഉദ്ബോധനം. ഇതിലെ മുഖ്യ ആശയങ്ങൾ നാല് തത്ത്വങ്ങളായി അവതരിപ്പിക്കാം.

**1. ക്രൈസ്തവവിശ്വാസം ഒരു ഗ്രന്ഥമല്ല**

"ദൈവവചനം" എന്ന പദപ്രയോഗത്തിന് വിവിധ അർത്ഥങ്ങൾ ഉണ്ടെന്ന് കഴിഞ്ഞ ലക്കത്തിൽ നാം വിശദീകരിച്ചിരുന്നു. ക്രൈസ്തവ വിശ്വാസം, മുസ്ലീംമതത്തെപോലെ "ഒരു ഗ്രന്ഥത്തിന്റെ മതം" ആണെന്ന തെറ്റുധാരണ ഇന്ന് നിലവിലുണ്ട്. വി. ബർണാർദിന്റെ ഭാഷയിൽ പറഞ്ഞാൽ, "വചനം എഴുതപ്പെട്ട മൂകമായ ഒരു വചനമല്ല, പ്രത്യുത അവതാരം ചെയ്ത, ജീവിക്കുന്ന വചനമാണ്." അതായത്, വചനം പ്രഥമവും പ്രധാനവുമായ മനുഷ്യനായി അവതരിച്ച ഈശോമിശിഹായാണ്. ഈ വചനത്തെയാണ് ശ്ലീഹന്മാർ പ്രഘോഷിച്ചതും, സഭാപാരമ്പര്യത്തിലൂടെ നാളിതുവരെ കൈമാറി ലഭിച്ചതും. ശ്ലീഹന്മാരുടെ പ്രബോധനം ലിഖിതരൂപം പ്രാപിച്ചതാണ് ബൈബിൾ. വിശുദ്ധ പാരമ്പര്യവും വിശുദ്ധഗ്രന്ഥവും ചേർന്ന്, ദൈവവചനത്തിന്റെ ഏകനിക്ഷേപത്തിന് രൂപം കൊടുക്കുന്നു. ഈ പൊതുനിക്ഷേപത്തിൽനിന്നാണ് ക്രൈസ്തവവിശ്വാസം ഉയിർക്കൊള്ളുന്നത്. സഭാപാരമ്പര്യങ്ങളെ മറന്ന് ബൈബിളിനെ മാത്രം ആശ്രയിച്ചാൽ അവിടെ "തിരുവചന" ത്തിന്റെ പൂർണത ഉണ്ടാകുന്നില്ല.

**2. വചനം ഒരു സ്വരമല്ല, മുഖമാണ്**

ഒരുവൻ ക്രിസ്തുമതത്തിൽ ചേരുന്നത് ഈ മതത്തിന് ഒരു നല്ല ധാർമ്മികസംഹിത ഉള്ളതുകൊണ്ടല്ല, ഉദാത്തമായ ആശയങ്ങൾ ഉള്ളതുകൊണ്ടുമല്ല, മറിച്ച് ഇവിടെ നാം ഒരു വ്യക്തിയെ കണ്ടുമുട്ടുന്നതുകൊണ്ടാണ്. ഒരു രക്ഷാസംഭവത്തിൽ പങ്കുപറ്റുന്നതുകൊണ്ടാണ്, പ്രസംഗത്തിലും ആശയങ്ങളിലും ചട്ടങ്ങളിലും കൂടിയല്ല ഇവിടെ വചനം പ്രധാനമായും പ്രത്യക്ഷപ്പെടുന്നത്. ഇവിടെ ഈശോ എന്ന വ്യക്തിയുടെ മുമ്പിൽ നാം നിൽക്കുന്നു. വി. ഗ്രന്ഥത്തിന്റെ ആത്യന്തിക ലക്ഷ്യം വിപ്ലവ ആശയങ്ങൾ ഉണർത്തുക എന്നതല്ല, മിശിഹായെ കണ്ടുമുട്ടാൻ പ്രേരിപ്പിക്കുന്നു എന്നതാണ്. മറ്റു

വാക്കുകളിൽ പറഞ്ഞാൽ, "വചന" ത്തിന് ഒരു സ്വരം മാത്രമല്ല ഉള്ളത്. വചനത്തിന് ഒരു മുഖമുണ്ട്. നമുക്കു കാണാവുന്ന ഒരു മുഖം, നസ്രായനായ ഈശോയുടെ മുഖം. ഈ മുഖം തെളിമയോടെ കാണാനുള്ള സവിശേഷ കണ്ണാടിയാണ് വി. ലിഖിതം.

**3. സഭയാണ് തിരുവചനത്തിന്റെ ഇരിപ്പിടം**

സഭയ്ക്കു പുറത്ത് വി. ഗ്രന്ഥം അപ്രസക്തമാണ്. കാരണം സഭാഗാത്രത്തിനുള്ളിലാണ് അത് എഴുതപ്പെട്ടത്. സഭാമക്കൾക്കുവേണ്ടിയാണ് അത് തയ്യാറാക്കപ്പെട്ടത്. സഭതന്നെയാണ് അത് സ്വരുകൂട്ടിയതും. വി. ഗ്രന്ഥത്തെ നിവേശിപ്പിച്ച അതേ പരിശുദ്ധാത്മാവ് സഭാമാതാവിനെയും ബൈബിൾവ്യാഖ്യാനത്തിന് അനുഗ്രഹം നൽകുന്നു. അതായത്, ബൈബിൾ പഠനങ്ങൾ സഭാപ്രബോധനങ്ങളെ തള്ളിപ്പറയുന്നതാവരുത്.


ബൈബിൾ വ്യാഖ്യാനത്തിനുള്ള അടിസ്ഥാനമാനദണ്ഡം ഇവിടെ ചൂണ്ടിക്കാട്ടാൻ കഴിയും. "തിരുസഭയുടെ ജീവിതമാണ് വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തിനുള്ള പ്രാഥമികവേദി. ബൈബിൾ പണ്ഡിതരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒരു നിബന്ധനയല്ലിത്. വി. ഗ്രന്ഥത്തിന്റെ സ്വഭാവത്തിൽ നിന്നുതന്നെ ഉരുത്തിരിയുന്ന ഒരു ഉപാധിയാണ് ഇത്. തിരുസഭയുടെ വിശ്വാസമാണ് വി. ഗ്രന്ഥത്തിൽ ദൈവവചനത്തെ തിരിച്ചറിയുന്നത്. ആർക്കും സ്വന്തം നിലയിൽ ബൈബിൾ വായിക്കാനാവില്ല, കാരണം അത് സഭയുടെ ഗ്രന്ഥമാണ്.

**4. ആരാധനക്രമം, വചനത്തിന്റെ കൗദാശിക വേദി**

ദൈവം മനുഷ്യനോടു സംസാരിക്കുന്ന സവിശേഷവേദിയാണ് ആരാധനക്രമം. ആരാധനക്രമത്തിലെ ഓരോ കർമ്മവും അതിന്റെ സ്വഭാവത്താൽതന്നെ വി. ലിഖിതത്തിൽ നിമഗ്നമാണ്. വചനവും കൂദാശകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിശ്വാസികൾ പലപ്പോഴും ബോധവാന്മാരല്ല. ദൈവവചനം ഏറ്റമധികം, ഏറ്റം പൂർണമായി പ്രവർത്തനനിരതമാകുന്ന സ്ഥലകാലമാണ് കൂദാശകളുടെ അവസരം. വചനം സജീവവും ഊർജ്ജസ്വലവുമാകുന്ന (ഹെബ്രാ 4:12) ശ്രേഷ്ഠ നിമിഷമാണ് സഭയുടെ ആരാധനക്രമം.

എമ്മാവൂസിലേക്കു പോകുന്ന ശിഷ്യന്മാരെപ്പറ്റിയുള്ള ലൂക്കായുടെ വിവരണം, വചനം ശ്രവിക്കുന്നതും അപ്പം മുറിക്കുന്നതും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ വിചിന്തനം നടത്താൻ നമ്മെ പ്രാപ്തരാക്കുന്നു. വി. ഗ്രന്ഥവായനയുടെ ലക്ഷ്യം പുതിയ ഉടമ്പടിയും വി. കുർബാനയും ആണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. വി. കുർബാനയിൽ വചനം കൗദാശികമായി മാംസം ധരിക്കുകയാണ്. ആരാധനക്രമത്തിൽ മിശിഹായുടെ സാന്നിധ്യം തിരിച്ചറിയാനാകാത്ത വ്യക്തിയുടെ വി. ലിഖിതത്തെക്കുറിച്ചുള്ള ധാരണയും അപൂർണമായിരിക്കും. തിരുവചനത്തിന്റെ കൗദാശിക തലമാണ് സഭയുടെ ആരാധനക്രമം.

*"വചന" ത്തിന് ഒരു സ്വരം മാത്രമല്ല ഉള്ളത്. വചനത്തിന് ഒരു മുഖമുണ്ട്. നമുക്കു കാണാവുന്ന ഒരു മുഖം, നസ്രായനായ ഈശോയുടെ മുഖം. ഈ മുഖം തെളിമയോടെ കാണാനുള്ള സവിശേഷ കണ്ണാടിയാണ് വി. ലിഖിതം.*





# സൃഷ്ടികളിൽനിന്നും സ്രഷ്ടാവിലേക്ക്

**മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-5**

**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

സ്നേഹത്തിന്റെയും ആദ്ധ്യാത്മിക ജീവിതത്തിന്റെയും അടിസ്ഥാനം അറിവാണ്. കുറച്ച് അറിയുന്നവർക്ക് കുറച്ചുമാത്രമേ സ്നേഹിക്കാനാവൂ. കൂടുതൽ അറിയുന്തോറും കൂടുതൽ സ്നേഹിക്കുന്നതിനുള്ള സാധ്യതയുണ്ടാകുന്നു. പരിശുദ്ധാത്മാവ് അറിവ് നേടുന്നതിനുള്ള കൃപാവരം നമുക്ക് നൽകുവാൻ എപ്പോഴും തയ്യാറാണ്. നമ്മുടെ സഹകരണത്തിലൂടെ മാത്രമേ ഇത് സാധിക്കൂ. അവിടുന്ന് നല്കുന്ന അറിവു നേടുവാൻ നാം സഹകരിക്കാതിരിക്കുമ്പോൾ നാം നമ്മുടെ ആത്മാവിനുതന്നെ നാശം വരുത്തുകയാണ്. പൗലോസ്ശ്ലീഹാ പറയുന്നത് ശ്രദ്ധിക്കാം: മനുഷ്യരുടെ സകല ദുഷ്ടതയ്ക്കും അനീതിക്കുമെതിരായി ദൈവത്തിന്റെ ക്രോധം ആകാശത്തുനിന്നും പ്രത്യക്ഷപ്പെടുന്നു. അവർ തങ്ങളുടെ അനീതിയിൽ സത്യത്തെ തളച്ചിടുന്നു. ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്ക് വ്യക്തമായി അറിയാം. ദൈവം അവയെല്ലാം അവർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അവർക്ക് ഒഴികഴിവില്ല. അവർ ദൈവത്തെ അറിഞ്ഞിടുന്നെങ്കിലും അവിടുത്തെ ദൈവമായി മഹത്ത്വപ്പെടുത്തുകയോ അവിടുത്തേക്ക് നന്ദിപ്രകാശിപ്പിക്കുകയോ ചെയ്തില്ല, മറിച്ച് അവരുടെ യുക്തിവിചാരങ്ങൾ നിഷ്ഫലമായിത്തീരുകയും വിവേകരഹിതമായ ഹൃദയം അന്ധകാരത്തിലാണ്ടുപോവുകയും ചെയ്തു (റോമാ 1:18-21).

തത്ത്വശാസ്ത്രവും ദൈവശാസ്ത്രവുമെല്ലാം ആദ്ധ്യാത്മിക ജീവിതത്തിന്റെ ശുശ്രൂഷയ്ക്കുള്ളതാണ്.

ഏതു പ്രക്രിയയിലൂടെയാണ് നമുക്ക് ദൈവത്തെ പ്രാപിക്കുവാൻ കഴിയുക? സൃഷ്ടികളെല്ലാം ദൈവത്തിൽ നമ്മെ എത്തിക്കുന്ന പടികളാണ്. “ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു: വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു” (സങ്കീ 19:1). ഓരോ സൃഷ്ടവസ്തുക്കളെയും നാം നോക്കിക്കാണേണ്ടത് നമ്മെ ദൈവത്തിൽ എത്തിക്കുന്ന ഉപകരണങ്ങളായിട്ടാണ്. ഓരോന്നിലും ദൈവത്തിന്റെ നിശബ്ദശബ്ദം ഉണ്ട്. ആ ശബ്ദം നമ്മോടു സംസാരിക്കുകയും നമ്മെ ദൈവത്തിങ്കലേക്ക്



നയിക്കുകയും ചെയ്യുന്നു. നാം നിരവധിയായ സൃഷ്ടവസ്തുക്കളാൽ ചുറ്റപ്പെട്ടവരാണ്. അവയെല്ലാം നമ്മോട് 'ദൈവ' ത്തെക്കുറിച്ചും ആവർത്തിച്ചു പറയുന്നു.

സൃഷ്ടികളിൽ നിന്നും ദൈവത്തിലേക്ക് എത്തിച്ചേരുവാനുള്ള പ്രക്രിയകൾ ഏവയാണെന്ന് നോക്കാം. ഏറ്റവും ആദ്യമായി വേർതിരിച്ചറിയുക. അതായത് എന്റെ ചുറ്റിലും കാണുന്നവയിൽനിന്നും എന്റെ ചിന്ത അവശ്യം കടന്നുപോകേണ്ടത് ദൈവത്തെ ധ്യാനിക്കുന്നതിലേക്കും അവിടുത്തെ പുകഴ്ത്തുന്നതിലേക്കുമാണ്. സൃഷ്ടവസ്തുക്കളിലൂടെ സ്രഷ്ടാവിനെ വേർതിരിച്ചുകാണാൻ കഴിയുക. ജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "ദൈവത്തെ അറിയാത്തവർ സ്വതേ ഭോഷരാണ്. ദൃഷ്ടിഗോചരമായ നന്മകളിൽനിന്ന് ഉണ്മയായവനെ തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞില്ല. ശില്പങ്ങളിൽ ശ്രദ്ധപതിച്ച് അവർ ശില്പിയെ തിരിച്ചറിഞ്ഞില്ല. അഗ്നി, വായു, കാറ്റ്, നക്ഷത്രവലയങ്ങൾ, ക്ഷോഭിച്ച സമുദ്രം, ആകാശ തേജസുകൾ ഇവയെല്ലാം ലോകത്തെ ഭരിക്കുന്ന ദേവന്മാരായി അവർ കരുതി. അവയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച് മനുഷ്യർ അവയെ ദേവന്മാരായി സങ്കല്പിച്ചെങ്കിൽ, അവയെക്കാൾ ശ്രേഷ്ഠനാണ് അവയുടെ കർത്താവ് എന്ന് അവർ ഗ്രഹിക്കട്ടെ! സൗന്ദര്യത്തിന്റെ സ്രഷ്ടാവാണ് അവ ഉണ്ടാക്കിയത്. അവയുടെ ശക്തിയും പ്രവർത്തനവും മനുഷ്യരെ വിസ്മയിപ്പിച്ചെങ്കിൽ, അവയുടെ സ്രഷ്ടാവ് എത്രയോ കൂടുതൽ ശക്തനെന്ന് അവയിൽ നിന്ന് അവർ ധരിക്കട്ടെ! സൃഷ്ടികളുടെ ശക്തി സൗന്ദര്യത്തിൽനിന്ന് അവയുടെ സ്രഷ്ടാവിന്റെ ശക്തി സൗന്ദര്യങ്ങളെക്കുറിച്ച് അറിയാം" (വിജ്ഞാനം 13: 1-5).

രണ്ടാമത്തെ പ്രക്രിയ പരിപൂരിതമാക്കലാണ്. ഉദാഹരണങ്ങളിലൂടെ ഇത് വിശദമാക്കാം. നമ്മെ ഒത്തിരി സ്നേഹിക്കുന്ന വ്യക്തിയെ കാണുമ്പോൾ, എപ്പോഴും സ്നേഹിക്കുന്ന, സ്നേഹമാകുന്ന ദൈവത്തെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ സാധ്യമല്ല. ഇവിടെ ഒരു പ്രത്യേകതയുള്ളത്, വ്യക്തികളുടെ സ്നേഹം നിർമ്മലമായിരിക്കുകയില്ല. പലപ്പോഴും സ്വാർത്ഥതയും കാര്യലാഭവും അല്പത്വവും എല്ലാം കലർന്നതായിരിക്കും. തന്നെയുമല്ല എന്നും നിലനിൽക്കുന്നതുമല്ല. എന്നാൽ ദൈവത്തിന്റെ സ്നേഹമാകട്ടെ എന്നും നിലനിൽക്കുന്ന നിർമ്മലസ്നേഹമാണ്. അതുപോലെ മറ്റൊരു ഉദാഹരണം നോക്കാം. നാം ഇന്നു കാണുന്ന പച്ച ഇലകൾ മനോഹരവും കണ്ണിനു കുളിർമ്മയും നൽകുന്നു. എങ്കിലും അവയെല്ലാം ഏതാനും ദിവസങ്ങൾകൊണ്ട് നിറം മങ്ങി കൊഴിഞ്ഞുപോകുന്നു. നാം കാണുന്ന അതിമനോഹരമായ നീലാകാശം നാം നോക്കിനിൽക്കെത്തന്നെ കാർമേഘത്താൽ മൂടപ്പെടുന്നു. ഇതിൽനിന്നും ഇവയ്ക്കൊന്നും നിലനിൽപ്പില്ല എന്നു മനസ്സിലാക്കാം. നേരെ മറിച്ച് ഇവയുടെയെല്ലാം സ്രഷ്ടാവായ ദൈവത്തിൽ അപൂർണ്ണത ഒട്ടും ഇല്ല. എല്ലാം പരിപൂർണമാണ്. മേൽ സൂചിപ്പിച്ചവയിലെ അപൂർണതകൾ നമ്മെ പരി

പൂർണനായ ദൈവത്തിലേക്ക് വേണം നയിക്കുവാൻ.

മൂന്നാമതായി ഉദാത്തമാക്കലാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് അനിത്യമായി കാണുന്നവയെ നിത്യതയിലേക്ക് നയിക്കുകയെന്നതാണ്. അങ്ങനെ നാം ദൈവത്തിന്റെ മനോഹാരിതയിലും ശക്തിയിലും മഹത്ത്വത്തിലും എത്തിച്ചേരുന്നു. ഇപ്രകാരം നോക്കുമ്പോൾ നമ്മോടൊത്തു വസിക്കുന്ന മനുഷ്യസൃഷ്ടികൾ നമ്മെ സംബന്ധിച്ച് നിത്യതയുടെ നേർക്കുള്ള പടികളാണ്. അവരുടെ അപൂർണതകൾ എന്റെ പൂർണതയ്ക്ക് ഹേതുവാകണം. വലിയവനോ, ചെറിയവനോ, കഴിവുള്ളവനോ, ഇല്ലാത്തവനോ, ആരുതന്നെയായാലും അവരിലെല്ലാം യഥാർത്ഥത്തിൽ ദൈവത്തിന്റെ ശബ്ദം ഉണ്ട്. സൃഷ്ടികളിലൂടെയുള്ള എളിയതും ലളിതവുമായ ദൈവത്തിന്റെ സംഭാഷണം ഓരോ നിമിഷവും തുടരുന്നു. നിരന്തരമായി സൃഷ്ടികളിൽ നിന്നും സ്രഷ്ടാവിലേക്ക് കയറുവാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിൽ ദൈവവുമായി ഇടതടവില്ലാത്ത ബന്ധത്തിലും നിത്യമായ ശാന്തതയിലും നമുക്ക് ആയിരിക്കുവാൻ കഴിയും.

# ബൈബിൾ പഠനക്കളരി
# (School of Bible)

***"ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്....ചേതനയിലും ആത്മാവിലും....തുളച്ചുകയറി, ഹൃദയ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ് " (ഹെബ്രാ 4:12).***

ക്രൈസ്തവ ജീവിതത്തിന്റെ അന്തഃസത്ത ദൈവവചനാധിഷ്ഠിതമായ ആദ്ധ്യാത്മിക ജീവിതമാണ്. ഈശോമിശിഹായിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന ക്രിയാത്മക പ്രത്യുത്തരമാണല്ലോ ക്രൈസ്തവ ആദ്ധ്യാത്മികത. ഈ ആദ്ധ്യാത്മികതയുടെ ഉൾപൊരുൾ സുവിശേഷകേന്ദ്രീകൃതമായ ബൈബിൾ വ്യക്തമാക്കുന്നു. അപ്പസ്തോലിക പാരമ്പര്യത്തിലധിഷ്ഠിതമായി ദൈവവചനം പഠിക്കുവാനും ധ്യാനിക്കുവാനും സത്യവിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് ദൈവഹിതാനുസൃതം ജീവിക്കുവാനും

**ഇതാ ഒരു സുവർണ്ണാവസരം...**

മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്റർ കേന്ദ്രമാക്കി പ്രശസ്ത ബൈബിൾ പണ്ഡിതനും ആദ്ധ്യാത്മിക ഉപദേഷ്ടാവുമായ **പെരിയ ബഹു. മാത്യു വെള്ളാനിക്കലച്ചന്റെ** നേതൃത്വത്തിൽ വർഷങ്ങളായി നടന്നുവരുന്ന ബൈബിൾ പഠനക്കളരിയുടെ പുതിയ ബാച്ച് **2012 ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച ആരംഭിച്ച് 2013 ജനുവരിയിൽ അവസാനിക്കുന്നു. എല്ലാ മാസത്തിലും 3-ാം ശനിയാഴ്ച വൈകുന്നേരം 5.30 മുതൽ ഞായറാഴ്ച 3.30 വരെയാണ്** ഈ കളരി നടത്തുക.

ഈ വർഷത്തെ പഠനവിഷയം പുതിയ നിയമത്തിലെ കാതോലിക ലേഖനങ്ങളും വെളിപാടുപുസ്തകവുമാണ്. ക്രമമായി സംബന്ധിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആകെ ചെലവ് 1000 രൂപ.

**Director**
**Spirituality Centre, Manganam P.O.**
**Kottayam 686 018, Ph: 0481-2578192**



# ഞങ്ങൾക്കിങ്ങനെ ഒരു മകളില്ല

**ഫാ. സിറിയക് കോട്ടയിൽ**
ഫാമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി

അന്ന ജോൺ എന്നാണ് അവളുടെ ഔദ്യോഗിക നാമം. വല്ല്യമ്മ മോളു എന്ന് അവളെ വിളിച്ചിരുന്നതു കൊണ്ടാവാം സ്കൂളിലും കോളേജിലും നാട്ടിലും നാട്ടുകാർക്കുമെല്ലാം അവൾ മോളു തന്നെയായിരുന്നു. കുട്ടിക്കാലത്ത് ഒരു തൊട്ടാവാടിയും കുസൃതികുടുക്കയുമായിരുന്നു അവൾ. മുതിർന്ന കുട്ടിയായിക്കഴിയുമ്പോൾ പക്വതയും ഗൗരവുമുള്ള കുട്ടിയായിരിക്കുമവളെന്ന് വീട്ടുകാരൊക്കെ അവളെക്കുറിച്ച് വിചാരിച്ചു. എന്നാൽ മുതിർന്നുകഴിഞ്ഞപ്പോൾ അവളങ്ങനെ ആയില്ല എന്നുമാത്രമല്ല അവളുടെ പ്രായത്തിന് ചേരാത്ത അരുതാത്ത പലതും കാട്ടിക്കൂട്ടുകയും ചെയ്തു. പ്ലസ്ടൂ പഠനം

കോൺവെന്റ് വക ബോർഡിങ്ങിൽ താമസി ച്ചുകൊണ്ടായിരുന്നു. കള്ളം പറഞ്ഞ് അധികാ രികളെ കബളിപ്പിച്ച് ഊരുചുറ്റാനും സിനിമാ കാണാനുമൊക്കെ അവൾ ബോർഡിങ്ങിന്റെ കവാടംകടന്ന് പുറത്തേക്ക് പോകുമായിരുന്നു എന്നുമാത്രമല്ല തന്റെകൂടെ കൂട്ടിനായി നേരാം വണ്ണം പഠനം നടത്തിപ്പോന്നിരുന്ന പല കുട്ടി കളെയും കൂട്ടുമായിരുന്നു എന്നത് അവൾ ചെയ്ത കുറ്റത്തിന്റെ ഗൗരവം കൂട്ടി. അന്ന ജോൺ സ്കൂളിൽനിന്നും പലതവണ പല കാര ണങ്ങളുടെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ടു. അന്നയുടെ മാതാപിതാക്കൾ വർഷങ്ങളായി കാനഡായിൽ ജോലി ചെയ്യുന്നവരാണ്. അന്ന വല്ല്യപ്പന്റെയും വല്ല്യമ്മയുടെയും സംരക്ഷണ യിലാണ് വളർന്നതും പഠിച്ചതും. പത്താം ക്ലാസ്സ് പഠനം കഴിയുമ്പോൾ അവളെ കാനഡായി ലേക്ക് കൊണ്ടുപോകാമെന്നും പിന്നീടുള്ള പഠനം അവിടെ നടത്താമെന്നും അവളുടെ പപ്പയും മമ്മിയും അവൾക്ക് വാക്ക് കൊടുത്തി രുന്നതാണ്. പത്താം ക്ലാസ്സിൽ ഉയർന്ന മാർക്ക് വാങ്ങിയ അവളുടെ പ്രതീക്ഷകളെ എല്ലാം തകിടം മറിക്കുന്നതായിരുന്നു അവളുടെ പ്ലസ്ടു പഠനവും നാട്ടിൽതന്നെ നടത്തിയാൽ മതിയെ ന്നുള്ള അവളുടെ മാതാപിതാക്കളുടെ തീരു മാനം. പ്രായത്തിനൊത്ത പക്വത ഇല്ലാത്ത അവളെ കാനഡായിലേക്ക് കൊണ്ടുപോന്നാൽ പിന്നീട് അത് വല്യ വിഷയമാകുമെന്ന കാരണം പറഞ്ഞാണ് അവളുടെ കാനഡാ യാത്ര പപ്പയും മമ്മിയുംകൂടി അന്ന് മുടക്കിയത്. അത വൾക്ക് വലിയ വിഷമത്തിന് കാരണമായി. ഇനി താൻ കുസൃതികൾ കാട്ടില്ലെന്നും പപ്പയും മമ്മിയും പറയുംപോലെ കഴിഞ്ഞോളാമെന്നും സത്യം ചെയ്തവൾ പറഞ്ഞിട്ടും അവരുടെ തീരുമാനത്തിൽനിന്നും അവർ മാറിയില്ല. ബോർഡിങ്ങിൽ നിന്നും അവൾ വീണ്ടും സസ്പെൻഡു ചെയ്യപ്പെട്ടുവെന്ന് വല്ല്യപ്പനും വല്ല്യമ്മയും വഴി അവളുടെ മാതാപിതാക്കൾ അറിഞ്ഞപ്പോൾ "തങ്ങൾക്കിങ്ങനെയൊരു മക ളില്ലെന്ന് കരുതിക്കോളാ"മെന്നാണ് അവരിരു വരും പ്രതികരിച്ചത്.

*കുട്ടികളുടെ, പ്രത്യേകിച്ച് പെൺകുട്ടിക ളുടെ വളർച്ച അവരുടെ മാതാപിതാ ക്കൾക്കൊപ്പം ആവുന്നതല്ലേ അനു യോജ്യം? ഗൗരവമായ കാരണങ്ങളാൽ ചുരുങ്ങിയ കാലത്തേക്ക് അവരെ മാറ്റി പ്പാർപ്പിക്കേണ്ടിവന്നാൽ അതിനെ കുറ്റ പ്പെടുത്താനാവില്ലെങ്കിലും അക്കാര്യം കുട്ടികളെ ബോധ്യപ്പെടുത്തിയിരിക്കണം എന്നു പറയുന്നതിൽ വിയോജിപ്പുണ്ടാ വില്ലല്ലൊ.*

ഇഷ്ടക്കേട് കാട്ടിയ മകളെക്കുറിച്ച് നിഷേ ധക്കുറിപ്പിറക്കിയാൽ അവൾ മകളല്ലെന്നു വരുമോ? കുസൃതി കാട്ടുന്ന മക്കളെ നന്നാ ക്കാൻ പറ്റിയ വഴി ബോർഡിങ്ങും ഗ്രാന്റ് പേരൻസിന്റെ സംരക്ഷണവലയവുമൊക്കെയാ ണന്ന് കരുതുന്ന മാതാപിതാക്കളേ, നിങ്ങളുടെ ഈയൊരു ചിന്തയെക്കുറിച്ചൊരു പുനർവി ചാരം വേണ്ടതല്ലേ? തന്റെ കൂടപ്പിറപ്പുകളായ അനുജനും അനുജത്തിക്കും കാനഡായിൽ പപ്പക്കും മമ്മിക്കുമൊപ്പം കഴിയാമെങ്കിൽ തനി ക്കെന്തുകൊണ്ടതായിക്കൂടാ എന്ന് അന്ന ചിന്തി ച്ചതിൽ തെറ്റുണ്ടോ? കുട്ടികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വളർച്ച അവരുടെ മാതാപി താക്കൾക്കൊപ്പം ആവുന്നതല്ലേ അനു യോജ്യം? ഗൗരവമായ കാരണങ്ങളാൽ ചുരു ങ്ങിയ കാലത്തേക്ക് അവരെ മാറ്റിപ്പാർപ്പിക്കേ ണ്ടിവന്നാൽ അതിനെ കുറ്റപ്പെടുത്താനാവില്ലെ ങ്കിലും അക്കാര്യം കുട്ടികളെ ബോധ്യപ്പെടുത്തി യിരിക്കണം എന്നു പറയുന്നതിൽ വിയോജി പ്പുണ്ടാവില്ലല്ലൊ. കുട്ടിക്കാലം മുതൽ തനിക്കെ തിരായി തീരുമാനം കൈക്കൊള്ളുന്ന പപ്പ യോടും മമ്മിയോടുമുളള പ്രതിഷേധം സാധിക്കുംവിധമൊക്കെ പ്രകടമാക്കിയ അന്ന ഇത്തരത്തിൽ വ്യഥ അനുഭവിക്കുന്ന പല കുട്ടി കളുടെയും പ്രതിനിധിയാണ്. അന്നയുടെ കുറ്റ കൃത്യങ്ങളെ ന്യായീകരിക്കാൻ ശ്രമിക്കുകയല്ലി വിടെ. മക്കളുടെ ആരോഗ്യകരമായ വളർച്ചക്കു തകുന്ന തീരുമാനങ്ങൾ മാതാപിതാക്കൾ കൈക്കൊള്ളണമെന്നപേക്ഷിക്കുകയാണ്.

## വിശുദ്ധരോടൊപ്പം



# മകളേ ... നിനക്കായി...

## വി. ജെമ്മ ഗൽഗാനി

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

വാത്സല്യമുള്ള അന്നമോളേ...

**വ**ല്യമ്മച്ചിയുടെ പൊന്നുമോൾക്ക് സുഖമല്ലേ... മൊബൈൽ വാങ്ങിത്തരാത്തതുകൊണ്ട് മമ്മയോട് മിണ്ടീട്ട് ഒരാഴ്ച ആയെന്ന് ഇന്നലെ നീതു വിളിച്ചപ്പോൾ പറഞ്ഞിരുന്നു. പപ്പയും മമ്മയും മൊബൈൽഫോൺ കുഞ്ഞിന് വാങ്ങിച്ചുതരാൻ തീരുമാനിച്ചതായിരുന്നു. വല്യമ്മച്ചിയാണ് ഇടംകോലിട്ടത്.

കുഞ്ഞേ, ഇപ്പോൾ ഏതു പത്രമെടുത്താലും ഒരു പേജ് പീഡനത്തിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഓരോ സംഭവത്തിന്റെയും ആദ്യത്തേയും അവസാനത്തേയും വില്ലൻ മൊബൈൽ ഫോണാണ്. മോളേ, 18 വയസ്സുവരെ എന്റെ കുഞ്ഞ് മൊബൈൽ ഉപയോഗിക്കേണ്ടായെന്നാണ് വല്യമ്മച്ചിയുടെ ആഗ്രഹം.

ഈ ഡിജിറ്റൽ യുഗത്തിൽ അനുഗ്രഹമാകേണ്ട ആധുനിക വാർത്താവിനിമയ മാധ്യമങ്ങളെല്ലാം നിങ്ങളെ അപകടത്തിലേക്ക് നയിക്കുന്ന കാഴ്ചയാണ് ദിനംപ്രതി കണ്ടുകൊണ്ടിരിക്കുന്നത്. ചാരിയിരുന്ന് ചാറ്റിംഗ് നടത്തി, ചീറ്റിപ്പോയ ഒരുപാടു പെൺകുട്ടികളുടെ ചീഞ്ഞളിഞ്ഞ ജീവിതങ്ങൾ കണ്ടും കേട്ടും മരച്ചിരിക്കയാണ് ഞാൻ. ഇന്റർനെറ്റ് കഫേകളിൽ അപ്പനും അമ്മയും അറിയാതെ സൊറ പറഞ്ഞിരിക്കുന്നവരുടെ ജീവിതം പെൺവാണിഭക്കാരുടെ അപകടക്കെണികളിൽ കുടുങ്ങിപ്പോയെങ്കിൽ വിലപിച്ചിട്ട് കാര്യമില്ലല്ലോ. നൊന്തു പ്രസവിച്ച അമ്മയേയും, കയ്യോ കാലോ വളരുന്നതെന്ന് നോക്കിവളർത്തിയ അപ്പനേയും വിട്ടിട്ട് ഇന്നലെ കണ്ടുമുട്ടിയ കൂട്ടുകാരനുമൊത്ത് സല്ലപിച്ച് നാടുവിടുമ്പോൾ നഷ്ടമാകുന്നത് സ്വന്തം ജീവിതമാണെന്ന് ഈ കുഞ്ഞുങ്ങളെന്തേ മനസ്സിലാക്കാത്തത്? കഴിഞ്ഞദിവസം ഇറുകിയ ഡ്രസ്സ് ധരിച്ച് ടൗണിൽക്കൂടി നടന്നുനീങ്ങിയ പെൺകുട്ടിയെ കണ്ട് “ഇപ്പം പൊട്ടും മുല്ലപ്പെരിയാർ ഡാം” എന്നു പറഞ്ഞ് ആൺകുട്ടികൾ കമന്റടിച്ചപ്പോൾ, കേട്ടുനിന്ന ഞാൻ ആരെയാണ് പഴിക്കേണ്ടത്...?

ആഡംബരത്തിലും ആധുനികതയിലും മുങ്ങിക്കുളിച്ച കൂട്ടുകാരികൾ മോളെ ഒറ്റപ്പെടുത്തുന്നുവെങ്കിൽ സാരമില്ല കുഞ്ഞേ. 'നോ' പറയേണ്ടിടത്ത് 'നോ' പറയാനും അരുതാത്തത് വേണ്ടയെന്ന് വയ്ക്കാനും എന്റെ കുഞ്ഞ് മനക്കരുത്ത് ആർജ്ജിച്ചെടുക്കണം. അതിനുള്ള പരിശീലനം ഈ നോമ്പുകാലത്ത് നാം സ്വായത്തമാക്കണം.

കൂട്ടുകാരെല്ലാം ഒറ്റപ്പെടുത്തുന്നുവെന്നല്ലേ ഇപ്പോഴത്തെ സങ്കടം. എന്റെ പേരക്കിടാവിന് കൂട്ടുകൂടാനൊരു വിശുദ്ധയെത്തന്നെ വല്യമ്മച്ചി തരാം. ആരാണെന്നോ ഈ പ്രിയപ്പെട്ട കൂട്ടുകാരി. അത് മറ്റാരുമല്ല വി. ജെമ്മ ഗൽഗാനിയാണ്!!!

അന്നമോൾ, ഈ കൂട്ടുകാരിയിൽ വിളങ്ങിനിൽക്കുന്ന പ്രത്യേകതകൾ പഠനവിഷയമാക്കുകയും പരിശീലിക്കയും ജീവിതത്തിലൂടെ പ്രതിഫലിപ്പിക്കുകയും ചെയ്യണം. മോളേ... വി. ജെമ്മ ജനിച്ചത് 1878 മാർച്ച് മാസത്തിൽ ഇറ്റലിയിലെ ചെറുഗ്രാമമായ കവിഗ്ലിയാനോവിലായിരുന്നു. ജെമ്മ ചെറുപ്പമായിരിക്കേ അവളുടെ പ്രിയപ്പെട്ട മമ്മ മരിച്ചുപോയി. പിന്നെ ജെമ്മായ്ക്ക് ഏകാശ്രയം അവളുടെ പപ്പ എൻട്രിക്കായിരുന്നു. പക്ഷേ കാലാന്തരത്തിൽ പപ്പയും മൃതിയടഞ്ഞു. പപ്പയുടെ മരണം ജെമ്മായ്ക്ക് താങ്ങാവുന്നതിലധികമായിരുന്നു. കുടുംബഭാരം മുഴുവൻ ജെമ്മായുടെ ചുമലിലായി. സുന്ദരിയായ പെൺകുട്ടി... അവളെ വലയിൽ വീഴ്ത്താനും സ്വന്തമാക്കുവാനുമായി ഒരുപാടുപേർ. എത്ര ധീരമായിട്ടായിരുന്നെന്നോ അവൾ അവരെയൊക്കെ ആട്ടിപ്പായിച്ചത്. ആഭരണങ്ങൾ അണിയുക, ആകർഷണീയമായ വസ്ത്രങ്ങൾ ധരിക്കുക എന്നിവയിലൊന്നും ഈ കൗമാരക്കാരിക്ക് കമ്പമില്ലായിരുന്നു.

മോളേ, കഴിഞ്ഞ ദിവസം കടയിൽ പോയപ്പോൾ വല്യമ്മച്ചിക്ക് വല്ലാത്ത പ്രയാസം തോന്നി. മോളുടെ പ്രായത്തിലുള്ള പെൺകുട്ടികൾ ധരിച്ചിരിക്കുന്ന വേഷവിധാനങ്ങൾ!!! അറിയാതെ കണ്ണുപൊത്തിപ്പോയി. അശ്ലീല ചുവയുള്ള സംഭാഷണങ്ങൾ കേട്ടപ്പോൾ കാതും പൊത്തി. എല്ലാവരുടെയും ചെവിയിൽ മൊബൈലുണ്ട്. ദേഹത്തുപൂശിയ സൗന്ദര്യവർദ്ധകവസ്തുക്കളുടെ രൂക്ഷഗന്ധംമൂലം മൂക്കുംപൊത്തി... എന്റെ ഉള്ളൊന്നു പിടഞ്ഞു. ഈ കുഞ്ഞുങ്ങളൊക്കെ അപകടത്തിലേക്കാണല്ലോ എന്ന ആകുല ചിന്ത... ഞങ്ങൾ അമ്മമാരുടെ ശ്രദ്ധക്കുറവാണല്ലോ എന്നൊരു തിരിച്ചറിവ്...എന്നെത്തന്നെ കുറ്റപ്പെടുത്തുകയായിരുന്നു.

അന്നക്കുഞ്ഞേ... ഇക്കാര്യത്തിലൊക്കെ പരിശുദ്ധി പാലിച്ചവളായിരുന്നു വി. ജെമ്മ ഗൽഗാനി. ഈശോയോടുള്ള സ്നേഹം അവൾ കഴുത്തിലണിഞ്ഞിരുന്ന രത്നാഭരണമായിരുന്നു. പ്രാർത്ഥനയും ലാളിത്യവും അടക്കവും ഒതുക്കവും വിധേയത്വവും ക്ഷമയും സഹനവും ദീനാനുകമ്പയുമൊക്കെ അവൾ കഴു






ത്തിലും കയ്യിലും കാലിലുമണിഞ്ഞ സ്വർണ്ണാ ഭരണങ്ങളായിരുന്നു. എന്റെ മോളും ജെമ്മായ ണിഞ്ഞ ഈ ആഭരണങ്ങളണിഞ്ഞ് വിശുദ്ധി യുടെ വസ്ത്രം ധരിച്ച് കൂട്ടുകാരികളുടെ ഇട യിൽ വിലസി നടക്കണമെന്നാ അമ്മയുടെ ആഗ്രഹം... അടിപൊളി സ്റ്റൈലുകാർക്ക് ഒരു വെല്ലുവിളിയായി ''വിശുദ്ധിയുടെ ഒരു സ്റ്റൈൽ".

പിതാവിന്റെ മരണശേഷം കുടുംബത്തെ സംരക്ഷിക്കേണ്ട ചുമതല ജെമ്മായുടെ തോളി ലായി. ദാരിദ്ര്യവും രോഗവും അവളെ ഏറെ ബുദ്ധിമുട്ടിപ്പിച്ചു. മുട്ടിന്മേൽനിന്ന് ജപമാല ചൊല്ലുന്നതിൽ ജെമ്മ മുടക്കം വരുത്തിയില്ല. എന്റെ കുഞ്ഞും ഇക്കാര്യത്തിൽ മുടക്കം വരു ത്തരുതേ... കാലിലെ രോഗംമൂലം ജെമ്മായുടെ പഠനം മുടങ്ങി. നട്ടെല്ലിനു തേയ്മാനം, മൂത്രാ ശയസംബന്ധമായ രോഗം, കണ്ണിന്റെ കാഴ്ച കുറയുക തുടങ്ങിയ രോഗങ്ങൾ അവളെ അല ട്ടിയിരുന്നു.

ഒരു സന്ന്യാസിനീ സമൂഹത്തിൽ ചേർ ന്നെങ്കിലും ആരോഗ്യം മോശമായതിനാൽ തിരി ച്ചുപോരുകയാണുണ്ടായത്. പാഷനിസ്റ്റ് സഭ യിൽ ചേരാനാഗ്രഹിച്ചെങ്കിലും അവിടെയും ജെമ്മയെ സ്വീകരിച്ചില്ല. അവസാനം അവൾ അഭയം പ്രാപിച്ചത് അവസാനത്തുള്ളി രക്തവും അവൾക്കുവേണ്ടി ചിന്തിയവന്റെ മുന്നിലായിരുന്നു. അവിടെയിരുന്ന് സ്വതസിദ്ധ മായ സ്വാതന്ത്ര്യത്തോടെ അവൾ അവനോടു ചോദിച്ചു: "അവർക്കാർക്കും എന്നെ വേണ്ടാ ന്നാ പറയുന്നത്, നിനക്ക് എന്നെ വേണോ... എന്നോടു സ്നേഹമുണ്ടോ നിനക്ക്?"

അവളെ അതിരറ്റ് സ്നേഹിച്ച സ്നേഹ നാഥൻ തന്റെ പഞ്ചക്ഷതങ്ങൾ നൽകിയാണ് ആ മാടപ്രാവിനോടുള്ള സ്നേഹം പ്രകടമാ ക്കിയത്. ജെമ്മായുടെ മുറിപ്പാടിൽനിന്ന് രക്തം പ്രവഹിച്ചുകൊണ്ടേയിരുന്നു. അന്നക്കുഞ്ഞേ, ജെമ്മായെപ്പറ്റി അവളുടെ കുമ്പസാരക്കാരൻ പറ യുന്നതു കേൾക്കൂ..."നിർമ്മലയായ കന്യകയാ ണവൾ... വാക്കിലും പ്രവൃത്തിയിലും പരിശുദ്ധി പാലിച്ചവൾ, മനസ്സറിഞ്ഞ് ഒരു തെറ്റുപോലും ചെയ്യാത്തവൾ..." അതികഠിനമായ പീഡ കൾപോലും അവൾ സഹിച്ചു. പരിഹസിക്കു കയും ഉപദ്രവിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തവരെപ്പോലും ഹൃദയപൂർവ്വം സ്നേഹി ക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. സഹനങ്ങളെയെല്ലാം സന്തോഷമായി പകർത്തി. തീർന്നില്ല, അവളുടെ സഹനജീ വിതം. 1902-ൽ വീണ്ടും ക്ഷയരോഗം പിടിപെ ട്ടു. ചുമച്ച് ചുമച്ച് രക്തം ഛർദ്ദിച്ചു. അവസാനം ആ സുദിനം വന്നെത്തി. 1903 ഏപ്രിൽ 11 ന് ജീവിതവിശുദ്ധിയാകുന്ന എണ്ണയുമെടുത്തു കൊണ്ട് ഈ വിവേകവതിയായ കന്യക തന്റെ മണവാളന്റെ മണവറയിൽ പ്രവേശിച്ചു. 1904 ൽ ജെമ്മ വിശുദ്ധയെന്ന് നാമകരണം ചെയ്യപ്പെട്ടു.

വാത്സല്യമുള്ള കുഞ്ഞേ, ഇന്ന് തന്നെ മമ്മയുമായുള്ള പിണക്കം തീർക്കണം. ഇതു വരെ പിണങ്ങിയതിന് ഈശോയോടും മമ്മ യോടും മാപ്പപേക്ഷിക്കണം. മൊബൈലി ന്റെയും ഇന്റർനെറ്റിന്റെയും ഓർക്കൂട്ടിന്റെയും ഫേസ്ബുക്കിന്റെയും നടുവിൽ വിശുദ്ധിയിൽ ജീവിക്കാൻ, കൂട്ടുകാരികൾ ഒറ്റപ്പെടുത്തുമ്പോൾ കൂട്ടുകാരിയാവാൻ, പഠനത്തിന്റെ പ്രയാസങ്ങ ളിൽ പതറിപ്പോകാതിരിക്കാൻ വി. ജെമ്മാ ഗൽഗാനി കൂടെയുണ്ടാകും. എന്റെ പൊന്നു മോളു വിഷമിക്കേണ്ടാ... ധൈര്യമായിരിക്ക്... എല്ലാ വിശേഷങ്ങളും വല്യമ്മച്ചിക്കെഴുതാൻ മറ ക്കരുതേ... ആധുനിക മാധ്യമങ്ങളുടെ നടുവിൽ വിശുദ്ധിയുടെ മാധ്യമമായി എന്റെ കുഞ്ഞിന്റെ ജീവിതം തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു. മോളേ, ഈ നോമ്പുകാലത്ത് നിർമ്മലമായ ഹൃദയം നമ്മിൽ സൃഷ്ടിക്കണ മേയെന്ന് സഭാമാതാവിനോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം.

"അകതാരിൽനിന്നും
അനുചിതചിന്തകളെ
ദൂരെയകറ്റീടാം
ഉപവാസത്താലാത്മാവും
ഉടലുമലംകൃതമാക്കീടാം
നിർമ്മല സുന്ദരചിന്തകളാൽ
നാഥനെ വാഴ്ത്തി നമിച്ചീടാം
അവനെന്നും സ്തോത്രം പാടീടാം".

(നോമ്പുകാലം - തിങ്കൾ, റംശാ)

# ഈ പ്രാർത്ഥന നിർത്തുക



പ്രൊഫ. അബ്രാഹം
കോക്കാട്ട്, എലിക്കുളം

അമേരിക്കയുടെ രാഷ്ട്രപിതാവായ എബ്രഹാം ലിങ്കൺ, യുദ്ധത്തിൽ പരുക്കേറ്റ തന്റെ സൈനികരെ കണ്ട് ആശ്വസിപ്പിക്കാനായി ഒരു സൈനിക ആശുപത്രിയിൽ സന്ദർശനത്തിന് എത്തുകയാണ്. ഭാഗികമായി കാഴ്ച നഷ്ടപ്പെട്ട ഏറെ ക്ഷീണിതനായ ഒരു പട്ടാളക്കാരന്റെ കിടക്കക്കരുകിൽ അദ്ദേഹം എത്തിയപ്പോൾ തന്റെ അമ്മയ്ക്ക് ഒരു എഴുത്ത് എഴുതാൻ സഹായിക്കണമെന്ന് ആഗതനോട് ആവശ്യപ്പെട്ടു. എഴുതേണ്ട വാചകങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു. തന്റെ മുമ്പിൽ നില്ക്കുന്ന അപരിചിതൻ അമേരിക്കയുടെ പ്രസിഡന്റാണ് എന്ന കാര്യം ആ പട്ടാളക്കാരന് അജ്ഞാതമായിരുന്നു. പെട്ടെന്ന് പട്ടാളക്കാരൻ കൂടുതൽ അവശനിലയിലായി. തന്റെ കത്ത് പൂർത്തിയാക്കാൻ അയാൾ ആവശ്യപ്പെട്ടു. അതനുസരിച്ച് എബ്രഹാം ലിങ്കൺ ഇപ്രകാരം എഴുതി കത്ത് അവസാനിപ്പിച്ചു: 'എബ്രഹാം ലിങ്കൺ, പ്രസിഡന്റ് ഓഫ് അമേരിക്ക' ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ പട്ടാളക്കാരൻ ആലസ്യത്തിൽ നിന്ന് ഉണർന്നു. ആ കത്ത് വായിച്ച് കേൾപ്പിക്കാനായി അദ്ദേഹത്തോട് ആവശ്യപ്പെട്ടു. എഴുത്തിന്റെ അവസാനം എഴുതിയ പേര് കണ്ടപ്പോൾ അദ്ദേഹം വികാരാധീനനായി. തന്റെ മുമ്പിൽ, തന്റെ കൈ പിടിച്ചു നില്ക്കുന്ന ആൾ അമേരിക്കയുടെ പ്രസിഡന്റാണുപോലും. അയാളുടെ മനസ്സിൽ നിറഞ്ഞ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. തന്റെ കൈ പിടിച്ച് തനിക്ക് ആത്മവിശ്വാസവും ധൈര്യവും പകർന്നുതന്ന വ്യക്തി. അതെ, അമേരിക്കയുടെ പ്രസിഡന്റ് തന്നെ.

സ്നേഹപിതാവായ ദൈവം, നമ്മോട് കൂടെയായിരുന്നുകൊണ്ട്, നമ്മുടെ ദുഃഖങ്ങ




ളിൽ, വിഷമഘട്ടങ്ങളിൽ, ദുരിതങ്ങളിലൊക്കെ ധൈര്യം പകർന്നുതരാൻ സദാ സന്നദ്ധനാണെന്നുള്ള ആത്മവിശ്വാസം നമ്മിൽ വളർത്തിയെടുക്കാൻ നാം പരിശ്രമിക്കണം. അതിന്റെ ഒരു മുൻവ്യവസ്ഥയായി, നമ്മെതന്നെ പൂർണമായി പിതാവിന് സമർപ്പിക്കണം. പൂർണമായ സമർപ്പണം ആണ് യഥാർത്ഥ പ്രാർത്ഥന. പിതാവിന്റെ ചാരത്തായിരിക്കാനുള്ള യോഗ്യതയും നമുക്ക് ഉണ്ടാകണം. പാപരഹിതമായ ജീവിതം ആണ് ഈ യോഗ്യതയുടെ മാനദണ്ഡം. ഇത്തരത്തിൽ ജീവിതത്തെ പൂർണമായി സമർപ്പിക്കുമ്പോഴാണ് നമ്മുടെ യാചനകൾ ദൈവതിരുമുമ്പിൽ സ്വീകാര്യമാകുന്നത്. “ഇതാ നിന്റെ ദാസി” എന്ന് പറഞ്ഞുകൊണ്ടാണ് പരിശുദ്ധ മാതാവ് തന്നെത്തന്നെ പൂർണമായി ദൈവത്തിന് സമർപ്പിച്ചത്. ഈശോ തന്റെ ജീവിതം - സഹനവും മരണവും, പിതാവിന് പൂർണമായി സമർപ്പിച്ച വ്യക്തിയാണ്. ഈശോയുടെ ജീവിത മാതൃക അനുസരിച്ച് ജീവിക്കുമ്പോഴാണ് നാം മറ്റൊരു മിശിഹായായിത്തീരുന്നതും നമ്മുടെ ജീവിതം ധന്യമാകുന്നതും, തന്റെ സുവിശേഷാഹ്വാനത്തിലൂടെ ദൈവം നമ്മെ അതിന് പ്രാപ്തരാക്കുന്നു.

ഈശോയുടെ ജീവിതബലി തന്നെയാണ് ഇന്നും വിശുദ്ധ കുർബാനയിലൂടെ പരികർമ്മം ചെയ്യപ്പെടുന്നത്. ഇതാണ് ഏറ്റം വിശിഷ്ടമായ പ്രാർത്ഥന. ബലിയർപ്പണത്തിന് അണയുമ്പോൾ നാം ആയിരിക്കേണ്ട അവസ്ഥയെപ്പറ്റി മത്തായിയുടെ സുവിശേഷം 5:23 ൽ വിവരിക്കുന്നുണ്ട്. “നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് ഓർമ്മിക്കുന്ന പക്ഷം കാഴ്ചവസ്തു അവിടെ വച്ചിട്ട് പോയി ആദ്യം സഹോദരനുമായി രമ്യപ്പെടുക. പിന്നീട് വന്ന് ബലിയർപ്പിക്കുക.” ഇത് ഒരു വ്യവസ്ഥയാണ്. ആഴത്തിൽ മനസ്സിലാക്കേണ്ട ഈ സത്യത്തെ മറന്നുകൊണ്ട് വെറും അധരങ്ങൾകൊണ്ട് ചൊല്ലിത്തീർക്കുന്ന പ്രാർത്ഥനകളും ഉപരിപ്ലവമായ അനുഷ്ഠാനങ്ങളും കൊണ്ട് പിതാവിന്റെ അടുത്ത് എത്തുക അസാദ്ധ്യമാണ്.



ഈശോയുടെ ജീവിതം മുഴുവൻ പ്രാർത്ഥനയുടെ ജീവിതം ആയിരുന്നു. അവിടുത്തെ സഹനജീവിതത്തിന്റെ ശക്തിസ്രോതസ്സ് നിരന്തരമായ പ്രാർത്ഥനയായിരുന്നു. അതു കൊണ്ടാണ് ലൂക്കായുടെ സുവിശേഷം 18 ൽ നിരന്തരമായി പ്രാർത്ഥിക്കണമെന്ന് നമ്മോട് ആവശ്യപ്പെടുന്നത്.


ദൈവാലയത്തിലെ ബലിയർപ്പണം പൂർത്തിയാക്കി പുറത്തേക്ക് വരുമ്പോഴാണ് നമ്മുടെ ബലിജീവിതം - പ്രാർത്ഥനാജീവിതം ആരംഭിക്കുക. കുടുംബങ്ങളിൽ, ഓഫീസുകളിൽ, വിദ്യാലയങ്ങളിൽ, കൃഷിയിടത്ത്, സമൂഹത്തിൽ എല്ലാം ഈ പ്രാർത്ഥനാജീവിതം തുടരുന്നു. Work is prayer എന്ന് നാം കേട്ടിട്ടുണ്ട്. നമ്മുടെ ജീവിതത്തിലെ എല്ലാ വ്യാപാരങ്ങളിലും നമ്മുടെ സംസാരം, നമ്മുടെ ശ്വാസോച്ഛ്വാസം വരെ പ്രാർത്ഥനയാക്കി മാറ്റാൻ സാധിക്കും. പുലർകാലത്ത് വിവിധ പക്ഷികളുടെ കളകൂജനങ്ങളോടൊത്ത് നമുക്ക് ദൈവത്തെ പാടി സ്തുതിക്കാൻ സാധിക്കും.

പ്രാർത്ഥിക്കുമ്പോൾ നിയോഗങ്ങൾ വച്ച് പ്രാർത്ഥിക്കണം. അപ്പോൾ ആണ് അവ ഫലദായകമാകുന്നത്. ബാങ്കിൽ പണം നിക്ഷേപിക്കാൻ ഒരു അക്കൗണ്ട് തുറക്കണം. നമുക്ക് ഒരു അക്കൗണ്ട് നമ്പർ ലഭിക്കുന്നു. അതിൽ ആണ് നാം പണം നിക്ഷേപിക്കുക. അതുപോലെ നമ്മുടെ എല്ലാ പ്രാർത്ഥനകളും സുകൃതങ്ങളും സത്പ്രവൃത്തികളും ദൈവത്തിന്റെ ഉടമസ്ഥതയിലുള്ള ബാങ്കിൽ അക്കൗണ്ട് തുറന്ന് നിക്ഷേപിക്കുമ്പോൾ ആണ് അത് വിലമതിക്കാൻ വയ്യാത്ത നിക്ഷേപമായി മാറുക. നമ്മുടെ ജീവിതത്തെ, പ്രാർത്ഥനാജീവിതമാക്കി മാറ്റി അതിനെ അനുഗ്രഹപ്രദമാക്കാൻ നമുക്ക് പരിശ്രമിക്കാം.

# 'മാറ്റു'രച്ചീടും സഹനം

മിനി വന്യംപറമ്പിൽ

സ്നേഹരൂപനാം സ്വർഗതാതൻ
സ്നേഹിക്കുന്നോർക്കരുളും
സ്നേഹമുത്തുകളല്ലോ സഹനം
പാഴായി പോകാതവയെല്ലാം
കൊരുത്തിടാമൊരു സ്നേഹമാല്യമായ്
അതിനായിയരുളേണം നിൻകൃപാദാനം
അടിയനിലെന്നുമെന്നും.
അനുതാപമോടെ കേഴുന്നു ഞാൻ
നഷ്ടമാക്കിയോരാ നിമിഷമോർത്ത്
അലിവു നിറഞ്ഞെന്നിലൊഴുക്കണേ
കാരുണ്യാമൃതം
അളവില്ലാതെ നിറയ്ക്കണേ നിന്നാത്മാവിനാൽ
അരികെയുള്ള നിൻ സാമീപ്യം
അറിയാതെ പോകാനിടയാക്കരുതേ
അനുനിമിഷം നിൻ സാന്നിധ്യസ്മരണയിൽ
അനസ്യൂതം നിൻ ഹിതമന്വേഷിച്ചീടാൻ
അനുവർത്തിച്ചവ ജീവിച്ചിടാൻ
അനുഗ്രഹമരുളണേ നാഥാ.
തള്ളിപ്പറഞ്ഞവനെയും ഒറ്റിയവനെയും
തള്ളാതൊരുപോൽ സ്നേഹിച്ച ഗുരുവേ
നൊമ്പരമേകുന്നവരെ സ്നേഹിക്കാൻ
വരമിന്നേകണേ തമ്പുരാനേ.
പ്രാർത്ഥിക്കാൻ നിൻ സവിധേയണയും നേരം
പാരം പങ്കിലം മമ മാനസത്തിൽ
പരിശുദ്ധി നിറയ്ക്കും നിൻ ക്ഷമയേകിടൂ
ദൂഷണ വാക്കാൽ മുറിപ്പെടുത്തും
സഹജർക്കായ്
സ്വർഗ സായൂജ്യമാം ക്ഷമ നൽകിടാൻ
ക്ഷമാശീലനാം നാഥാ വരമിന്നേകണേ.
പാപിയാമെന്നിൽ പാവനസ്നേഹംനിറച്ച്
വിശുദ്ധീകരിക്കൂ...പവിത്രീകരിക്കൂ...
പാപിയാമെന്നെ നിൻകരതാരിൽ
ചേർത്തണയ്ക്കൂ
പുതുസൃഷ്ടിയായി എന്നെ മാറ്റിടൂ.





# എല്ലാം നന്മയ്ക്കായ്

നേഹ മങ്ങാട്ട്

മനുഷ്യകുലത്തിനു മുഴുവൻ ആശയും പ്രതീക്ഷയും നൽകുന്ന തിരുനാളാണ് ഉയിർപ്പുതിരുനാൾ. മരണത്തെ ജയിച്ച് ഉയിർത്ത കർത്താവിന്റെ വിജയത്തെ അനുസ്മരിക്കുന്ന ദിവസം. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രവും അടിസ്ഥാനവും ഇതാണ്. നിത്യജീവിതത്തെ സംബന്ധിച്ച് തീർച്ച തരുന്ന, ഓരോ മനുഷ്യവ്യക്തിക്കും മരണത്തിനപ്പുറം ഉയിർപ്പിന്റെ ജീവിതമുണ്ടെന്ന പ്രത്യാശയും പ്രതീക്ഷയും നൽകുന്ന കാലം. മറിയത്തെ സംബന്ധിച്ചിടത്തോളം എല്ലാം അസ്തമിച്ചു എന്ന നിരാശാനിമിഷങ്ങളിൽ ഒരു പുതിയ ഉദയമായിരുന്നു അവന്റെ ഉത്ഥാനം (യോഹ 20:10). ഒപ്പം ജീവിതത്തിന്റെ മുന്നോട്ടുള്ള യാത്രകളിൽ അവന്റെ സ്നേഹത്തിന് സാക്ഷിയാകുവാൻ, സന്ദേശ വാഹകയാകുവാനുള്ള ക്ഷണവും.

വിജയമ്മ, ജീവിതത്തിൽ വിജയം മാത്രം കണ്ട അമ്മ. പരാജയങ്ങളിലും തമ്പുരാന്റെ വിജയത്തെ മാത്രം കണ്ട അമ്മ എന്നുവേണം ഈ അമ്മയെ വിശേഷിപ്പിക്കാൻ. 30 ലക്ഷം കടബാധ്യതയുള്ളപ്പോഴും അവനെല്ലാം സാധിക്കും എന്ന ഉറപ്പോടെ ജീവിതത്തെ മുന്നോട്ടു നീക്കുന്ന അമ്മ. 1992 ലാണ് ജീവിതത്തിന്റെ കേന്ദ്രമായി ഈശോയെ കണ്ടെത്തിയത്. തുടർന്നുള്ള ജീവിതം ക്രിസ്ത്യാനിയെ ലജ്ജിപ്പിക്കുന്നതായിരുന്നു.

വിഭജിച്ചുയർത്തുന്ന ഗോതമ്പപ്പത്തിൽ മുറിയപ്പെട്ടവനെ തൊട്ടനുഭവിക്കുന്ന, അനുഗ്രഹിച്ചാലല്ലാതെ നിന്നെ ഞാൻ വിടില്ല എന്ന

യാക്കോബിന്റെ പിടിവാശിപോലെ, പിടിവാശി കൊണ്ട് ജീവിതത്തെ അനുഗ്രഹമാക്കിയവൾ... ഇങ്ങനെ അനുഗ്രഹപൂർണവും സന്തോഷസൗഭാഗ്യപൂർണവുമായ നാളുകൾ മാത്രമേ അവളുടെ ജീവിതത്തിലുണ്ടായിരുന്നൂ എന്നു കരുതരുത്. ജീവിതത്തെയും തന്നെ ചുറ്റിപ്പറ്റിയുള്ള നാലു ജീവിതങ്ങളെയും ശേഷിപ്പിക്കുവാൻ കഠിനാദ്ധ്വാനത്തിന്റെ ചുമട് പേറിയുള്ള യാത്ര. ജീവിക്കുവാൻവേണ്ടിയുള്ള അവളുടെ കഷ്ടതകൾ എന്റെ കരളലിയിച്ചു. എന്നാൽ മിശിഹായോടൊത്ത് അവൾക്കിതൊക്കെ നിസ്സാരതകൾ... ഗാനത്തിന്റെ ഈരടികൾപോലെ....

*നാളെ വരുന്ന മഹിമയോർത്താൽ*
*ഇന്നിൻ ദുഃഖങ്ങൾ നിസ്സാരമാം...*

തന്റെ ഏകമകൻ കള്ളക്കേസിൽ കുടുങ്ങി സൗദിയിൽ ജയിൽ ശിക്ഷ അനുഭവിക്കുമ്പോഴും ആ അമ്മയ്ക്ക് പറയാനുള്ളത് ഇത്രമാത്രം. അത്ഭുതങ്ങളുടെ അനന്തസാധ്യതകളുമായി ഈശോ എന്റെയൊപ്പം ഉണ്ട്. അവനറിയാതെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. അവന് അസാധ്യമായി ഒന്നും ഇല്ല. "കർത്താവിനെ സ്നേഹിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകയില്ല" എന്ന സങ്കീർത്തന വാക്യങ്ങളിൽ ചുവടുറപ്പിച്ചുള്ള അനുദിനയാത്ര.

ജീവിതത്തെ വിഴുങ്ങുന്ന ഇരുളിന്റെ നടുവിലും മറിയത്തെപ്പോലെ ഉത്ഥിതനെ അന്വേഷിക്കുവാൻ നമുക്കാവണം. ഈശോയുടെ ഉയിർപ്പിന്റെ പ്രത്യാശയിൽ പങ്കുചേരുവാനുള്ളതാണ് നമ്മുടെ ജീവിതയാത്ര. പീഡാസഹനത്തിനും മരണത്തിനും കല്ലറയ്ക്കും ശേഷമേ ഉത്ഥാനമുള്ളൂ. കയ്പുനിറഞ്ഞ ജീവിതാനുഭവങ്ങളുടെ ആധിക്യത്തിൽ-ഓർക്കുക നിനക്ക് ഉയിർപ്പിന്റെ നാളുകളുണ്ട്. കുടുംബജീവിതത്തിലെ സമാധാനരഹിതമായ അനുഭവങ്ങളെ, സമൂഹജീവിതത്തിലെ കുറ്റപ്പെടുത്തലുകളെ, ജീവിതത്തിൽ വാഴ്ത്തേണ്ടവർ, പ്രചോദനമാകേണ്ടവർ സമൂഹമധ്യത്തിൽ താഴ്ത്തുന്ന, ഇകഴ്ത്തുന്ന വേളകളുണ്ടാകുമ്പോൾ... പ്രത്യാശയും പ്രതീക്ഷയും നൽകുന്ന നിന്റെ തമ്പുരാനിൽ ആശ്രയം വയ്ക്കുവാനാകണം. ഒരു ശക്തിക്കും എടുത്തുമാറ്റുവാനാവാത്ത സന്തോഷം നമ്മിൽ നിറയ്ക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം.


ജീവിതം നൽകുന്ന വിപരീത അനുഭവങ്ങളുടെ മധ്യേ എല്ലാം നല്ലതിന് എന്ന വിചാരത്തോടെ കണ്ണുംപൂട്ടിനിൽക്കാൻ മരണത്തെ ജയിച്ച മിശിഹായിൽ ഉറപ്പുള്ളവനേ സാധിക്കൂ... ജീവിതത്തിൽ നമ്മോടെന്നും, എപ്പോഴും പ്രതികൂല നിലപാടുകൾ എടുക്കുന്നവർ, നമ്മുടെ സമാധാനം നഷ്ടപ്പെടുത്തുന്നവർ നമ്മുടെ ഭവനങ്ങളിലും സമൂഹത്തിലുമുണ്ടാവാം... എല്ലാം നന്മയ്ക്കായി... നിന്റെ എല്ലാമായവൻ പറയുന്നു "നിന്നെ കാത്തുപാലിക്കുവാൻ അവിടുന്ന് തന്റെ ദൂതന്മാരോട് കല്പിക്കും. നിന്റെ പാദം കല്ലിന്മേൽ തട്ടാതിരിക്കുവാൻ അവർ നിന്നെ കരങ്ങളിൽ വഹിച്ചകൊള്ളും" (സങ്കീ 91:11).

"കർത്താവിന്റെ ദൂതൻ ദൈവഭക്തനു ചുറ്റും പാളയമടിച്ച് അവനെ രക്ഷിക്കുന്നു" (സങ്കീ 34:7).





# വിജയ കിരീടം ഉറപ്പ്



**എം.സി. ഇൽഡെഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

**ദൈ**വം മനുഷ്യനെ സൃഷ്ടിച്ചതിന് എന്തെങ്കിലും ലക്ഷ്യമുണ്ടോ? അതിനുള്ള ഉത്തരത്തിനായി നമ്മുടെ ജീവിതത്തിലേക്കുതന്നെ തിരിഞ്ഞുനോക്കാം. നമുക്കു മക്കൾ ജനിക്കുന്നു. നമ്മുടെ ലക്ഷ്യം അവർക്കു നന്മമാത്രം വരണമെന്നാണ്. അവരെ കഴിവനുസരിച്ചു തീറ്റിപ്പോറ്റി ലാളിച്ചും കൊഞ്ചിച്ചും വളർത്തുന്നു. അവർക്കു നല്ല ആരോഗ്യം വേണം; മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകണം; അവരെ നല്ല നിലയിൽ എത്തിക്കണം. എന്നാൽ ഓരോരുത്തരുടേയും ജീവിത സാഹചര്യങ്ങളനുസരിച്ച് അവർ ഡോക്ടർ, എൻജിനീയർ, നേഴ്സ്, തൊഴിലാളി, കർഷകൻ, കല്പണിക്കാരൻ തുടങ്ങി പല നിലകളിലും നിലവാരത്തിലും ചെന്നെത്തുന്നു. ഇതിന് ആരേയും അഭിനന്ദിക്കുവാനോ കുറ്റപ്പെടുത്തുവാനോ ആവുമോ? പക്ഷേ, ഏതുനിലയിൽ എത്തുന്നവർക്കും പ്രചോദനം മാതാപിതാക്കൾ, അദ്ധ്യാപകർ, ബന്ധുമിത്രാദികൾ, അയൽക്കാർ, മതശുശ്രൂഷികൾ, കൂടപ്പിറപ്പുകൾ തുടങ്ങി പലരുമുണ്ടാകും. അതിൽ പ്രധാനം മാതാപിതാക്കൾതന്നെ. അവരാണ് മക്കളുടെ ആശാകേന്ദ്രങ്ങളും വഴികാട്ടികളും; സർവ്വോപരി ''മാതൃകകൾ.'' മക്കൾക്കു നന്മമാത്രം ആഗ്രഹിക്കുന്നവരാണവർ. ഒരിക്കലും മക്കൾ തിന്മയിലേക്കു ചായുവാനോ അപകടത്തിൽപെടുവാനോ അവർ ആഗ്രഹിക്കുന്നില്ല. പക്ഷേ, പലപ്പോഴും അതു സംഭവിക്കുന്നു. അതു നമ്മുടെ ആഗ്രഹാഭിലാഷങ്ങൾക്കപ്പുറമാണ്. മാതാപിതാക്കളുടെ സ്ഥാനത്ത് ദൈവം എന്ന അദൃശ്യനായ ഒരു സ്നേഹപിതാവാണു നമുക്കുള്ളത്.

വീട്ടിൽ നാം മക്കളെ ഓരോ കാര്യങ്ങൾക്കു നിയോഗിക്കുന്നു. ചിലർ അതനുസരിക്കും. ചിലർ അതനുസരിക്കുകയില്ല. അനുസരിക്കുന്നവരാകട്ടെ ഏല്പിക്കപ്പെട്ട ജോലി നന്നായി ചെയ്യും. ചിലർ "ഉഴപ്പും". ജോലി ചെയ്യുന്നവരാകട്ടെ ആത്മാർത്ഥതയോടെ ചെയ്യുന്നവരും മനസ്സില്ലാമനസ്സോടെ ചെയ്യുന്നവരുമുണ്ടാകും. മടികാണിക്കുന്നവരെ നാം ശാസിക്കും; ചിലപ്പോൾ ശിക്ഷിക്കും; ഉപദേശിക്കും. ചിലർ നന്നാകും; ചിലർ എത്ര ശ്രമിച്ചാലും നന്നാവുകയില്ല. നോക്കുക, "ചൊല്ലിക്കൊടു, തല്ലിക്കൊടു, തള്ളിക്കള" ഇതൊരു വൈകാരിക തത്ത്വമാവാം. മറ്റൊന്ന് "അമ്മാവാ

തല്ലണ്ട, ഞാൻ നന്നാവില്ല.'' ഇതും ഒരു തത്ത്വം!! ചുരുക്കം ചില മാതാപിതാക്കൾ വിശ്വസിക്കുന്നതാവട്ടെ മറ്റൊരു തത്ത്വത്തിലാണ്. അവർ മക്കളെ സ്നേഹംകൊണ്ടും ഉപദേശം കൊണ്ടും വാത്സല്യംകൊണ്ടും നേർവഴിക്കു നടത്തുന്നു. അതിന് അവർ എല്ലാം ക്ഷമിക്കുന്നു; എല്ലാം സഹിക്കുന്നു; പരിധിയില്ലാതെ സ്നേഹിക്കുന്നു. കാരണം മക്കൾ തങ്ങൾക്കു വിലപ്പെട്ടവരാണ്. അവരെ കൈവെടിയാൻ സാധിക്കുകയില്ല. ഇതാണ് ദൈവത്തിന്റെ പരിധിയില്ലാത്ത സ്നേഹം. ഇതു മനുഷ്യൻ മനസ്സിലാക്കിയിരുന്നുവെങ്കിൽ നമ്മുടെ കുടുംബങ്ങളും സമൂഹവും ഒക്കെത്തന്നെ സ്വർഗ്ഗതുല്യമായേനേ.

ഭാഗ്യസ്മരണാർഹനായ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പാ പറയുന്നു, ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ് "ജീവന്റെ സംസ്കാരവും" "മരണസംസ്കാര" വുമെന്ന്.

**ജീവന്റെ സംസ്കാരത്തിൽ** സ്നേഹം, വാത്സല്യം, ദയ, എളിമ, പരോപകാര തല്പരത, പരസ്നേഹം, വിശുദ്ധി, നീതി, ന്യായം, ആശ്രയത്വം, പ്രാർത്ഥന, അഭ്യർത്ഥന എല്ലാമുണ്ടാകുന്നു.

**മരണസംസ്കാരത്തിന്റെ** ഭാഗമായ പക, ദേഷ്യം, ക്രോധം, അക്രമം, വൈരാഗ്യം, കളവ്, കള്ളസാക്ഷ്യം, അശുദ്ധി, അനീതി, അന്യായം, സ്വാർത്ഥത, സ്വഭാവഹത്യ, ആത്മഹത്യ, ജീവഹത്യ തുടങ്ങിയവയെല്ലാം ഒരു ജീവനെ എങ്ങനെ നശിപ്പിക്കാമെന്നുള്ളതിന്റെ ആധാരശിലകളാണ്.

ഈ രണ്ടു സംസ്കാരങ്ങളും ലോകത്തിൽ എന്നുമുണ്ടാകും. ചിലർ ചോദിച്ചേക്കാം ദൈവത്തിന്റെ സൃഷ്ടിയിൽതന്നെ മനുഷ്യനിൽ "ജീവന്റെ സംസ്കാരം" മാത്രം നിലനിറുത്തിയാൽ പോരായിരുന്നോ? പക്ഷേ, തമ്പുരാൻ നീതിമാനായതുകൊണ്ട് മനുഷ്യനു പൂർണസ്വാതന്ത്ര്യം നല്കി. അവനു "ജീവന്റെ സംസ്കാരമോ" "മരണസംസ്കാര"മോ തിരഞ്ഞെടുക്കാം. നന്മനസ്സുകൾ ജീവന്റെ സംസ്കാരവും ദുഷ്ടമാനസർ മരണസംസ്കാരവും തേടുന്നു. **ജീവന്റെ സംസ്കൃതിയിൽ** ജീവിക്കുന്നവർ സന്തോഷം, സമാധാനം, ആശ്വാസം, സൗഹൃദം, ലാളിത്യം, വിശുദ്ധി, സഹകരണം, എളിമ എന്നീ ഗുണങ്ങളാൽ എല്ലാവരാലും ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും അവർ അനുഭവിക്കുന്ന ദൈവസ്നേഹവും സമാധാ



ഭാഗ്യസ്മരണാർഹനായ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പാ പറയുന്നു, ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ് "ജീവന്റെ സംസ്കാരവും" "മരണസംസ്കാര" വുമെന്ന്.




നവും മറ്റുള്ളവർക്ക് പങ്കുവയ്ക്കുകയും ചെയ്യുന്നു.

**മരണസംസ്കാരികൾ** അനുഭവിക്കുന്നതാവട്ടെ വിരോധം, ഒറ്റപ്പെടൽ, അശുദ്ധി, വേദന, വെറുക്കപ്പെടൽ, അസമാധാനം, ഉൽക്കണ്ഠ, നിസ്സഹകരണം, അനാദരവ്, തന്നിഷ്ടം, ഗർവ്വ് തുടങ്ങിയ വേദനാജനകമായ അവസ്ഥയാണ്. ഇത് അവരിൽ ഒതുങ്ങിനിൽക്കുന്നില്ല. അത് മറ്റുള്ളവരിലേക്കും വ്യാപിപ്പിച്ചു കുടുംബത്തേയും സമൂഹത്തേയും അവർ പാപപങ്കിലമാക്കുന്നു.

പലരും ഈ തെറ്റുകൾ തിരിച്ചറിയുമ്പോൾ ജീവിതസായാഹ്നത്തിൽ എത്തിയിരിക്കും. നമുക്കു ജീവിതം ഒന്നേയുള്ളൂ. അതു ഈ ലോകത്തിൽ വച്ചു അവസാനിക്കുന്നു. പക്ഷേ, ചെയ്തുപോയ തെറ്റുകൾക്ക് ഉത്തരം പറയേണ്ടത് മരണാനന്തര ജീവിതത്തിലാണ്.

ജീവിതമാകുന്ന നാടകത്തിലെ നടീനടന്മാരാണു നാമോരോരുത്തരും. നാടക ഡയറക്ടർ ദൈവംതമ്പുരാൻ. അവിടുന്ന് ഓരോരുത്തർക്കും നൽകുന്ന വേഷം നന്നായി അഭിനയിക്കണം; അതിൽ മികവു കാട്ടണം; കയ്യടി നേടണം. വിജയം നേടുമ്പോൾ സമ്മാനം കരഗതമാകുന്നു. ഭർത്താവ്, ഭാര്യ, മകൻ, മകൾ, രോഗി, ആരോഗ്യവാൻ(തി), ഡോക്ടർ, എൻജിനീയർ, തൊഴിലാളി, മുതലാളി, ദരിദ്രൻ, ധനവാൻ, കൂലിപ്പണിക്കാരൻ, കർഷകൻ തുടങ്ങി വൈവിദ്ധ്യമുള്ള ഒന്നോ ഒന്നിലധികമോ വേഷങ്ങൾ ഒരേസമയം കെട്ടിയാടാൻ ദൈവം വേഷവിധാനങ്ങളോടെ അണിയിച്ചൊരുക്കി നാടകസ്റ്റേജാകുന്ന ഈ ലോകത്തിലേക്കു കടത്തിവിടുന്നു. ഇവിടെ കിട്ടിയ വേഷം നന്നായി അഭിനയിച്ച് ഡയറക്ടറാകുന്ന ദൈവത്തിന്റെ അനശ്വരമായ സമ്മാനത്തിനർഹരാകുന്നവർ ഭാഗ്യവാന്മാർ!!



നമ്മുടെയൊക്കെ ജീവിതം പരിശോധിച്ചാൽ വൈവിധ്യമാർന്ന ജീവിത സാഹചര്യങ്ങളാണുള്ളത്. എന്നാൽ ദൈവത്തിന്റെ സന്ദേശം (വിളി) എല്ലാവർക്കും ഒന്നേയുള്ളൂ. ഈ ലോകജീവിതത്തിൽ മറ്റുള്ളവർക്ക് ഏറ്റം അടുത്ത സഹോദര(രി)നായി ജീവിച്ച് ദൈവസന്നിധിയിലെത്തി നിത്യ സമ്മാനത്തിനർഹമാവുക. നമുക്കു ദൈവം തരുന്ന ദൗത്യവും അതുതന്നെ. നമ്മുടെ ചുമതല ഈ ദൗത്യം ശരിയായ രീതിയിൽ നിർവ്വഹിക്കുകയാണ്.

കഴിവുകൾ, ആരോഗ്യം, ധനം, ദാരിദ്ര്യം, സന്തോഷം, സന്താപം തുടങ്ങി സമ്മിശ്രമായ ഒരു ജീവിത പാന്ഥാവിലൂടെയാണ് നാം നടന്നു നീങ്ങി സാവധാനം "കല്ലറ" യെ സമീപിക്കുക. ഈ യാത്രയിൽ നാം അനേകരെ കണ്ടുമുട്ടുന്നു. തല ചായ്ക്കാൻ ഇടമില്ലാത്തവർ, പട്ടിണിപ്പാവങ്ങൾ, ആരാലും വെറുക്കപ്പെട്ടവർ, ഭിക്ഷാംദേഹികൾ, ധനികർ, അധികാരികൾ തുടങ്ങിയവരുമായുള്ള ഇടപെടലുകളും സമ്പർക്കങ്ങളും പലപ്പോഴും വേണ്ടിവരുന്നു. ആ അവസരങ്ങളിലാണ് നമ്മുടെ ദൗത്യം ആരംഭിക്കുക. നമുക്കു ജീവന്റെ സംസ്കാരം കൈവശമുണ്ടെങ്കിൽ നമ്മുടെ ഹൃദയം ദൈവസ്നേഹത്താൽ പ്രചോദിതമാകും–ആകണം. അപ്പോഴൊക്കെ നമ്മുടെ ദൗത്യം സഫലീകൃതമാവുകയാണ്. ഇതു ദൈവത്തിനു പ്രീതികരമാകും. അപ്പോൾ നമുക്കു നൽകിയ 'നാടക വേഷം' വിജയിച്ചു. ഡയറക്ടറുടെ വിജയകിരീടം ഉറപ്പ്.

# പാവകളിയുടെ നാട്

**ലിയാ സാബു പാലമുറിയിൽ**
പൊൻകുന്നം

ഒരു കഥ ഓർമ്മയിൽ വരുന്നു. സന്മാർഗ്ഗക്ലാസ്സിൽ അദ്ധ്യാപകൻ കുട്ടികളെ ഒരു നിരീക്ഷണത്തിന് വിധേയമാക്കുകയാണ്. അദ്ദേഹം നാല് പാവകൾ ക്ലാസ്സിൽ കൊണ്ടുവന്നു. മരം കൊണ്ടും മണ്ണുകൊണ്ടും പഞ്ഞികൊണ്ടും പഞ്ചസാരകൊണ്ടും നിർമ്മിച്ച നാലു പാവകൾ. പിന്നീട് അദ്ദേഹം നാലു വലിയ സ്ഫടികപാത്രങ്ങളിൽ വെള്ളം നിറച്ച് ഓരോ പാവയെയും ഓരോ സ്ഫടികപാത്രത്തിൽ നിക്ഷേപിച്ചു. എന്താണ് സംഭവിക്കുന്നതെന്ന് കുട്ടികൾ സാകൂതം നിരീക്ഷിച്ചുകൊണ്ടിരുന്നു. കുറേ സമയത്തിനു ശേഷം പാവകൾക്കു വന്ന മാറ്റങ്ങൾ അവരിൽ അത്ഭുതമുളവാക്കി. ആദ്യത്തെ പാത്രത്തിലെ മരംകൊണ്ടു നിർമ്മിച്ച പാവയ്ക്കോ അതിലെ വെള്ളത്തിനോ ഒരു മാറ്റവും സംഭവിച്ചിരുന്നില്ല. മണ്ണുകൊണ്ടുള്ള പാവ വെള്ളത്തിൽ കലങ്ങി. ആ പാവ ഇല്ലാതാകുകയും പാത്രത്തിലെ വെള്ളം ചെളിവെള്ളമായി മാറുകയും ചെയ്തു. പഞ്ഞികൊണ്ടുള്ള പാവ പാത്രത്തിലെ വെള്ളം ഒട്ടുമിക്കവാറും വലിച്ചെടുത്തതിനാൽ തടിച്ചു വീർത്തിരുന്നു. നാലാമത്തെ സ്ഫടികപാത്രത്തിലെ പഞ്ചസാരകൊണ്ട് നിർമ്മിച്ച പാവയും മണ്ണുപാവപോലെ അലിഞ്ഞില്ലാതെയായി. അതിലെ ജലത്തിന് കാഴ്ചയിൽ ഒരു മാറ്റവും സംഭവിച്ചിരുന്നില്ല. എന്നാൽ രുചിച്ചു നോക്കിയവർക്കെല്ലാം അത് മധുരപാനീയമായി അനുഭവപ്പെട്ടു



സ്ഫടിക പാത്രങ്ങളിലെ ജലത്തിൽ നിക്ഷേപിച്ച നാലുതരം പാവകളുടെയും പ്രതിരൂപങ്ങൾ നമ്മുടെ സമൂഹത്തിൽ നമുക്ക് കാണാനാകും. ചില വ്യക്തികൾ മരംകൊണ്ട് നിർമ്മിച്ച പാവയെപ്പോലെയാണ്. അവർ സ്വന്തം കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നു. സ്വാർത്ഥതയുടെ പുറംചട്ടയാണ് അവർ ധരിച്ചിരിക്കുന്നത്. കുടുംബത്തിലും സമൂഹത്തിലും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അവർക്കൊരു വിചാരവുമില്ല. മറ്റുള്ളവരിൽ എന്തെങ്കിലും നന്മ കാണാനോ അത് സ്വീകരിക്കാനോ അവർ ശ്രമിക്കില്ല. അതുപോലെ തന്നെ, തനിക്കെന്തെങ്കിലുമുണ്ടെങ്കിൽ മറ്റുള്ളവർക്കു കൊടുക്കാനും അവർ തയ്യാറല്ല.




മണ്ണുകൊണ്ടുള്ള പാവ വെള്ളത്തിൽ അലിഞ്ഞില്ലാതായി എന്നതു ശരിതന്നെ. എന്നാൽ ശുദ്ധമായിരുന്ന ആ വെള്ളം മുഴുവൻ അത് അശുദ്ധമാക്കി മാറ്റി. ഇങ്ങനെയുള്ള വ്യക്തികളും സമൂഹത്തിൽ ധാരാളമുണ്ട്. സാമൂഹ്യപ്രതിബദ്ധയുടെയും രാഷ്ട്രീയപ്രവർത്തനത്തിന്റെയും വനിതാശിശുക്ഷേമവകുപ്പ് തുടങ്ങി പല വകുപ്പുകളുടെയുമൊക്കെ മുഖംമൂടികൾ ധരിച്ച്, സത്യസന്ധമായി നന്മപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഒരപവാദമായിത്തീരുന്നവരാണീക്കൂട്ടർ. തങ്ങളുടെ വാചകക്കസർത്തുകളും പ്രവർത്തനഗുസ്തികളും വഴി സ്വയം നാണംകെട്ടാലും അത് തിരിച്ചറിയാനുള്ള സാമാന്യവിവരം പോലുമില്ലാത്ത ഇവർ തങ്ങളെത്തന്നെയും സമൂഹത്തെയും വിഷലിപ്തമാക്കുന്നവരാണ്. വിവാദങ്ങൾ സൃഷ്ടിച്ചും വിവാദങ്ങളിൽ കുടുങ്ങിയും ജീവിതം പാഴാക്കുന്ന ഇവർ സമൂഹത്തിന് ഒരു നന്മയും ചെയ്യുന്നില്ലെന്നു മാത്രമല്ല, സമൂഹത്തിന്റെ കെട്ടുറപ്പും പുരോഗതിയും നശിപ്പിക്കുകയും ചെയ്യുന്നു.

ഇനിയുമുണ്ട് ചില പഞ്ഞിപ്പാവകൾ-പാത്രത്തിലെ വെള്ളം മുഴുവൻ വലിച്ചെടുത്ത് ചീർത്ത പാവയെപ്പോലെയുള്ളവർ. പ്രത്യക്ഷത്തിൽ 'കഞ്ഞിപ്പാവ'യാണെന്ന് തോന്നാമെങ്കിലും സൂത്രത്തിൽ പലതും കൈക്കലാക്കുന്നവരാണിവർ. കുടുംബത്തിനോ സമൂഹത്തിനോവേണ്ടി ഒരു ചെറുവിരലനക്കാൻ മടിക്കുന്ന ഇക്കൂട്ടർ മറ്റുള്ളവരിൽനിന്നും കൈനീട്ടി സ്വീകരിക്കാൻ മടികാട്ടാറില്ല. എന്തും ലാഭേച്ഛയോടെ മാത്രം വീക്ഷിക്കുന്ന ഇവർ സമൂഹത്തിൽനിന്നും സഹോദരരിൽനിന്നും തനിക്കെന്തു കിട്ടും എന്നു മാത്രം ചിന്തിക്കുന്നു.

എന്നാൽ നാലാമത്തെ പാത്രത്തിലെ പാവയെപ്പോലെയുള്ളവരും നമുക്കു ചുറ്റും വിരളമായെങ്കിലുമുണ്ട്. ഇവരാണ് നമുക്ക് ജീവിതമാതൃകയാകേണ്ടത്. സ്വയം ഇല്ലാതായി സമൂഹത്തിന് മധുരം പകരുന്നവരാണിവർ. തനിക്കെന്തു കിട്ടും എന്ന ചിന്ത ഇവരെ ഭരിക്കാറില്ല; കൊടുക്കുമ്പോഴുണ്ടാകാവുന്ന നഷ്ടം ഇവരുടെ കണക്കുപുസ്തകത്തിൽ ഇടംപിടിക്കാറില്ല; ചെയ്തുകൂട്ടുന്ന നന്മകൾ കൊട്ടിഘോഷിക്കാറില്ല; ഇവർ ദൈവത്തിന്റെ പാവകളാണ്. ഇവരുടെ പാവകളിയുടെ നൂൽ ദൈവകരങ്ങളിലാണ്. എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്ത് സമൂഹത്തിൽ പരസ്നേഹത്തിന്റെയും സേവനത്തിന്റെയും പരിമളം പരത്തുന്ന ദൈവത്തിന്റെ പാവകളായി നമുക്കും മാറാം.



*തനിക്കെന്തു കിട്ടും എന്ന ചിന്ത ഇവരെ ഭരിക്കാറില്ല; കൊടുക്കുമ്പോഴുണ്ടാകാവുന്ന നഷ്ടം ഇവരുടെ കണക്കുപുസ്തകത്തിൽ ഇടംപിടിക്കാറില്ല; ചെയ്തുകൂട്ടുന്ന നന്മകൾ കൊട്ടിഘോഷിക്കാറില്ല; ഇവർ ദൈവത്തിന്റെ പാവകളാണ്. ഇവരുടെ പാവകളിയുടെ നൂൽ ദൈവകരങ്ങളിലാണ്.*

പ്രകൃതിയുടെ വിശുദ്ധ വിചാരങ്ങൾ



# ഈ ജന്മം നിനക്കുവേണ്ടി മാത്രം

- സ്വയം കത്തിയെരിഞ്ഞാലേ സൂര്യന് പ്രകാശമേകാനാവൂ.
- ആകാശത്ത് കാറ്റിനൊത്ത് പാറിപ്പറന്ന് നടന്നിരുന്ന മഴമേഘങ്ങൾ പെയ്തൊഴിഞ്ഞാലേ ഭൂമിക്ക് നനവാകൂ. ഒഴുകിയിറങ്ങുന്ന മഴത്തുള്ളി നിലത്തുവീണ് മണ്ണിൽ ലയിച്ചാലേ സസ്യലതാദികൾക്ക് ദാഹമകറ്റാനാവൂ.
- ഒരു ചെറുവിത്ത് നിലത്തുവീണഴിഞ്ഞാലേ ഒരു വൻ വൃക്ഷത്തിന് ജന്മം നല്കാനാവൂ. ഇലകളും മറ്റും നിലത്തുവീണഴിഞ്ഞാലേ മറ്റുള്ളവയ്ക്ക് വളമായിത്തീരൂ.
- ഒരു ചെറുമെഴുകുതിരി തന്റെ സുന്ദരമായ രൂപത്തിന് മാറ്റം വരുത്തക്ക രീതിയിൽ ഉരുകിത്തീർന്നാലേ മറ്റുള്ളവർക്ക് വെളിച്ചമാകൂ.
- ഉപ്പ് അലിഞ്ഞില്ലാതായാലേ ഭക്ഷണത്തിന് രുചി പകരാനും, സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുമാവൂ. സ്വയം ഇല്ലാതായാണ് പഞ്ചസാരയും മധുരമേകുന്നത്.
- പ്രപഞ്ചത്തിലേക്ക് കണ്ണോടിച്ചാൽ സ്വയം നൽകലിന്റെ പാഠങ്ങൾ ഇനിയുമേറെയുണ്ട്. മറ്റുള്ളവരുടെ വളർച്ചയ്ക്കായി സ്വയം ഇല്ലാതാകുന്ന ഒരുപാടു ജന്മങ്ങൾ...
- സൃഷ്ടവസ്തുക്കൾ സ്രഷ്ടാവിലേക്ക് നയിക്കുന്ന വഴികാട്ടികളാണല്ലോ. അസ്തിത്വം നൽകിയ തന്നെ മറന്ന് പാപത്തിന്റെ അഴലിലാണ്ടുപോയ മനുഷ്യർക്കുവേണ്ടി സ്വയം ശൂന്യനാക്കി, തന്റെ മഹത്ത്വം മറച്ചുവച്ച്, മനുഷ്യന്റെ പരിമിതികൾ ധരിച്ച സ്രഷ്ടാവാണ് നമുക്കുള്ളത്. മനുഷ്യാവതാരം മുതൽ മരണംവരെ അവിടുന്നു നല്കിയത് സ്വയം നല്കലിന്റെ പാഠങ്ങൾ മാത്രം...
- സ്രഷ്ടാവും സൃഷ്ടികളും ചൂണ്ടിക്കാണിക്കുന്ന സ്വയം നൽകലിന്റെ മാതൃകകൾ എന്തേ സൃഷ്ടികളുടെ മകുടമായ മനുഷ്യൻ മനസ്സിലാക്കുന്നില്ല...? തിരിച്ചറിവുകൾ തിരിഞ്ഞുനോട്ടത്തിന്റെയും തിരിഞ്ഞുപോകലിന്റെയും തിടുക്കംകൂട്ടലാവട്ടെ. മനസ്സിലുയരുന്ന മന്ത്രം മറക്കാതിരിക്കാം-ഈ ജന്മം നിനക്കുവേണ്ടി മാത്രം...

Muth

വിചാരണ

# മരണാനന്തരം...



ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ


നാല് ആൺമക്കളും ഒരു മകളുമുള്ള വൃദ്ധനായ ഒരു പിതാവ് തന്റെ മരണക്കിടക്കയിലാണ്. കേരളത്തിനു പുറത്തും വിദേശത്തുമൊക്കെയായി തിരക്കുള്ള ജീവിതം നയിക്കുന്നവരാണെങ്കിലും മക്കളെല്ലാം അവധി സംഘടിപ്പിച്ച് അപ്പനെ കാണാൻ ഓടിയെത്തിയിട്ടുണ്ട്. അപ്പന്റെ അവസ്ഥ തീരെ മോശമാണെന്നും ഏതു നിമിഷവും മരണം സംഭവിക്കാമെന്നും അവർ മനസിലാക്കി. അതോടെ തികഞ്ഞ ഉത്തരവാദിത്വത്തോടെ മക്കൾ അപ്പന്റെ മരണക്കിടക്കയ്ക്കരികിലിരുന്ന് മരണാനന്തര പരിപാടികൾ പ്ളാൻ ചെയ്യാൻ തുടങ്ങി. പത്രത്തിൽ ഫോട്ടോയും വാർത്തയും കൊടുക്കാനും മെത്രാനെയും മന്ത്രിയേയും അറിയിക്കാനുമുള്ള ഉത്തരവാദിത്വം ഒരു മകൻ ഏറ്റെടുത്തു. പന്തലിടാനും മൈക്കുസെറ്റ് ഏർപ്പാടാക്കാനും മറ്റൊരു സഹോദരനെ ഏർപ്പെടുത്തി. ശവപ്പെട്ടിയും പൂക്കളും താൻ വാങ്ങിക്കൊള്ളാമെന്ന് ഇളയ മകൻ സ്വയം ഉത്തരവാദിത്വമേറ്റെടുത്തു. ഇത്രയുമായപ്പോഴേയ്ക്കും അന്ത്യശ്വാസം വലിച്ചുകൊണ്ടിരുന്ന ആ പിതാവ് തന്റെ ശരീരത്തിൽ അവശേഷിച്ചിരുന്ന ജീവൻ മുഴുവൻ ശേഖരിച്ച് കൈയിൽ കുത്തി പൊങ്ങിനിന്ന് ഏതു ....മോനാടാ എനിക്കു പൂ മേടിക്കാൻ പോകുന്നത് എന്ന അലർച്ചയോടെ കട്ടിലിലേക്കു വീണ് അന്ത്യശ്വാസം വലിച്ചു. അപ്പന്റെ അന്ത്യമൊഴിയിലെ മോനേയെന്നുള്ള വിളിക്കുമുമ്പ് ഉപയോഗിച്ച വാക്ക് നിഘണ്ടുവിൽ കാണാത്തതുകൊണ്ടാണ് അതിവിടെയെഴുതാത്തത്.

വിശ്വാസികളുടെ മരണം ആഘോഷിക്കേണ്ടതു തന്നെയാണ്. യഥാർത്ഥ ജീവനിലേക്കുള്ള കടന്നുപോകലെന്ന നിലയിൽ വിശ്വാസത്തിന്റെ ആഘോഷമായി മരണത്തെയും മരണാനന്തര കർമ്മങ്ങളെയും കാണുവാൻ കഴിയണം. എന്നാൽ ഇന്നത്തെ പല ആഘോഷങ്ങളിലും ഇല്ലാതെപോകുന്ന ഘടകവും വിശ്വാസചൈതന്യം തന്നെയാണ്. പ്രിയപ്പെട്ട

വരുടെ മരണക്കിടക്കക്കരികിൽ അക്ഷമയോടെ കാത്തിരുന്ന് അവരെ മരിപ്പിച്ചെടുത്ത് അതാഘോഷമാക്കുന്നവർ ചെയ്തുകൂട്ടുന്ന കാര്യങ്ങൾ പലപ്പോഴും അതിരു കടക്കുന്നുവെന്നു തോന്നിപ്പോകുന്നു.

അപ്പന്റെ ശവത്തെപ്പോലും തങ്ങളുടെ പത്രാസുകാണിക്കാനുള്ള ഉപകരണമാക്കി മാറ്റുന്നവർക്കു എന്തു വിശ്വാസചൈതന്യമാണുള്ളത്? യാതൊരു കാരണവുമില്ലെങ്കിലും മൊബൈൽ മോർച്ചറിയെന്ന തണുപ്പുകൂടാരത്തിൽ മൃതശരീരം കുറച്ചുനേരമെങ്കിലും കിടത്തിയില്ലെങ്കിൽ പലർക്കും തൃപ്തി വരില്ല. ഒരുപക്ഷേ ആ ദേഹം തുടർന്ന് അനുഭവിക്കാൻ പോകുന്ന ചൂടിനേക്കുറിച്ചോർത്തായിരിക്കാം കുറേ നേരമെങ്കിലും ഐസിനകത്തു കിടന്നു തണുത്തിട്ടു പോകട്ടെയെന്ന് ബന്ധുക്കൾ തീരുമാനിക്കുന്നത്. ഏതായാലും ഒരു കാലത്ത് മൃതദേഹത്തിന്റെ സമീപത്തിരുന്ന് അവിടേയ്ക്കു കയറിവരുന്ന ഉറുമ്പിനേയും പ്രാണികളെയും തുടച്ചുമാറ്റി ആ ഭൗതിക ദേഹത്തെ ആദരിച്ചിരുന്നവർ ഇന്ന് മോർച്ചറിയുടെ ചില്ലിൽ രൂപംകൊള്ളുന്ന ഈർപ്പം തുടച്ചു തൃപ്തിയടയുകയാണ്. മരണവീട്ടിൽ രാപകൽ ഉയർന്നിരുന്ന പ്രാർത്ഥനാമന്ത്രങ്ങൾക്കും ഇന്ന് പരിണാമം വന്നിരിക്കുന്നു. പ്രാർത്ഥനകളും ഗാനങ്ങളും ഉച്ചഭാഷിണിയിലൂടെ അയൽക്കാരുടെ ഉറക്കം നഷ്ടപ്പെടുത്തുമ്പോൾ മരണവീട്ടിൽ വേണ്ടപ്പെട്ടവർ കട്ടൻകാപ്പിയും വെടിവട്ടവുമായി മാവിൻചുവട്ടിലും ഉൾമുറികളിലും കൂടിച്ചേരുന്നു. അതുപോലെ മരിച്ചയാളോടുള്ള സ്നേഹവും ആദരവും ഹൃദയത്തിൽ സൂക്ഷിക്കുന്നില്ലെങ്കിലും ബഹുവർണപോസ്റ്ററാക്കി അതു ഭിത്തികളിൽ ഒട്ടിക്കാൻ ആരും മറക്കാറില്ല. ഇങ്ങനെ ആന്തരികത നശിച്ച ബാഹ്യപ്രകടനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു മരണാനന്തര കർമ്മങ്ങളെല്ലാം.

പ്രിയപ്പെട്ടവരുടെ മരണക്കിടക്കയിൽ കൂടെയിരുന്ന് തങ്ങളുടെ ജീവിതത്തിൽ അവർ അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും പ്രധാനപ്പെട്ട ആ നിമിഷത്തെ സമാധാനത്തോടെ സ്വീകരിക്കാൻ അവരെ ഒരുക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുക ജീവിച്ചിരിക്കുന്നവരുടെ കടമയാണ്. പ്രിയപ്പെട്ടവരുടെ തലോടലും പ്രാർത്ഥനയും അനുഭവിച്ച് അവരുടെ കൈപിടിച്ച് മരണമെന്ന പടിവാതിൽ കടന്നു പോകാൻ ആർക്കാണാഗ്രഹമില്ലാത്തത്? സഹനവും മരണവും ഉത്ഥാനത്തിലേക്കുള്ള പടിവാതിലാണെന്നു ധ്യാനിക്കുന്ന ഈ കാലഘട്ടത്തിൽ മരണാസന്നരോടുള്ള പെരുമാറ്റവും മരണാനന്തര കർമ്മങ്ങളുടെ ശൈലികളുമൊക്കെ ഒരു വീണ്ടുവിചാരത്തിനു വിഷയമാക്കുന്നത് നല്ലതാണ്.





# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ

**ഫിലോ കുറ്റിയാത്ത്**



**ഒന്നാം ദിവ്യരഹസ്യം:** നസ്രത്തിലെ കൊച്ചു കന്യകയായ (ലൂക്കാ 1:26–27) പരി. കന്യകാമറിയത്തെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, നിന്നെപ്പോലെ ദൈവത്തിന്റെ മുമ്പിൽ ഞങ്ങൾ പാവപ്പെട്ട സൃഷ്ടികളാണെന്നു തിരിച്ചറിയുന്നതിനും എല്ലാം ദൈവത്തിൽ നിന്നു ലഭിക്കും എന്ന പ്രത്യാശയോടെ കാത്തിരിക്കുന്നതിനും അവിടുന്നിൽ ആശ്രയിക്കുന്നതിനും വേണ്ട കൃപാവരം നിന്റെ തിരുക്കുമാരൻവഴി ഞങ്ങൾക്കു നേടിത്തരണമെ.

**രണ്ടാം ദിവ്യരഹസ്യം:** മാലാഖ നോക്കി പുഞ്ചിരിച്ച പരി. മറിയത്തെ നമുക്ക് ധ്യാനിക്കാം (ലൂക്കാ 1:28). പരി. അമ്മേ നിന്നെപ്പോലെ, വേദനിക്കുന്നവർക്ക് ആശ്വാസമേകുവാനും പുഞ്ചിരിയുടെ പ്രേഷിതരായി തീരുവാനും വേണ്ട കൃപവരം നിന്റെ തിരുക്കുമാരൻ വഴി ഞങ്ങൾക്കു നേടിത്തരണമെ.

**മൂന്നാം ദിവ്യരഹസ്യം:** പരിശുദ്ധാത്മാവിന്റെ നിഴൽ പതിച്ചവളായ പരി. മറിയത്തെ നമുക്ക് ധ്യാനിക്കാം (ലൂക്കാ 1:35).

പരി. അമ്മേ, നിന്നെപ്പോലെ പരി. ആത്മാവിന് പൂർണമായി അടിയറവയ്ക്കുവാനും ആത്മാവിന്റെ പ്രചോദനമനുസരിച്ചു ജീവിക്കുവാനും വേണ്ട കൃപാവരം നിന്റെ തിരുക്കുമാരൻവഴി ഞങ്ങൾക്കു നേടിത്തരണമെ.

**നാലാം ദിവ്യരഹസ്യം:** തന്റെ സ്രഷ്ടാവിനാൽ തെരഞ്ഞെടുക്കപ്പെട്ടവളായ പരി. മറിയത്തെ നമുക്ക് ധ്യാനിക്കാം (ലൂക്കാ 1:30–33).

പരി. അമ്മേ, നിന്നെപ്പോലെ സ്രഷ്ടാവിനാൽ സ്നേഹിക്കപ്പെട്ടവരാണ് എന്ന ബോധ്യത്തിൽ ഓരോ നിമിഷവും ജീവിക്കുവാനും അവിടുത്തെ തിരുഹിതത്തിന് എപ്പോഴും 'ഇതാ ഞാൻ' എന്നു പറയുവാനും വേണ്ട കൃപാവരം നിന്റെ തിരുക്കുമാരൻ വഴി ഞങ്ങൾക്കു നേടിത്തരണമെ.



**അഞ്ചാം ദിവ്യരഹസ്യം:** ദൈവസ്നേഹവും പരസ്നേഹവും ഹൃദയത്തിൽ ജ്വലിച്ചവളായ (ലൂക്കാ 1:4–45) പനരി. മറിയത്തെ നമുക്ക് ധ്യാനിക്കാം.

പരി. അമ്മേ, നീ എലിസബത്തിന് സഹായഹസ്തവുമായി ഓടിയെത്തിയതുപോലെ സഹോദരങ്ങൾക്ക് താങ്ങും തണലുമായി തീരുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്നു വരുവാൻവേണ്ട കൃപാവരം നിന്റെ തിരുക്കുമാരൻ വഴി ഞങ്ങൾക്കു നേടിത്തരണമെ.



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്കു നല്കണമേ

# Programme

## February

| | | |
|---|---|---|
| 9 | - | First & Final Profession |
| 11 | - | Social Animators' Meeting |
| 14-15 | - | Cenacle |
| 15 | - | Feast of Our Lady of trust |
| 18 | - | Recollection |
| 18-19 | - | School of Bible |

## March

| | | |
|---|---|---|
| 3 | - | Co-operatives meet |
| 10 | - | Social Animators' Meeting |
| 13-14 | - | Cenacle |
| 17 | - | Recollection |
| 17-18 | - | School of Bible |

## April

| | | |
|---|---|---|
| 4-8 | - | Holy Week |
| 14 | - | Social Animators' Meeting |
| 17-18 | - | Cenacle |
| 21-22 | - | School of Bible |
| 28 | - | Recollection |

## May

| | | |
|---|---|---|
| 1 | - | Renewal Day |
| 2-7 | - | Oblates' Retreat |
| 12 | - | Social Animators' Renewal Day |
| 15-16 | - | Cenacle |
| 19-20 | - | School of Bible |

## June

| | | |
|---|---|---|
| 12-13 | - | Cenacle |
| 13 | - | Family Gathering of Apostolic Maxisimilsm |
| 16 | - | Recollection |
| 16-17 | - | School of Bible |

## July

| | | |
|---|---|---|
| 14 | - | Social Animators' Meeting |
| 16-17 | - | Cenacle |
| 21 | - | Recollection |
| 21-22 | - | School of Bible |

# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

For private circulation only

മിശിഹാ സഹനം വഴി നിത്യം
മഹിമാലംകൃതനാകേണം
ദർശനവേളയിലീസത്യം
ശിഷ്യർക്കേകിയ കർത്താവേ,
എമ്മാവൂസിൻവഴിയിൽ നീ
അവരെ പ്രോജ്ജ്വലരാക്കിയപോൽ
ഞങ്ങൾക്കകമേ ദീപ്തി സദാ
വർഷിക്കണമേ കനിവൊടു നീ

(ഉയിർപ്പുകാലം, തിങ്കൾ-റംശാ)



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്